കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2015-16

## ജില്ലാ ഓഡിറ്റ് കാര്യാലയം

## പാലക്കാട്

e-mail: auditlfdopkd@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി11/18/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

തീയതി: 03-01-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡിക 2-1 ലേക്കും 3 ലെ 3-2, 3-3, 3-6 എന്നീ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്:</u>

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി-11/ /2016 തിയ്യതി: 03.01.2017

## പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

## ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 7-3-2016 മുതൽ 18-11-2016 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.എൻ.വാസുദേവൻ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19-11-2016 മുതൽ 28-11-2016 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ.സി.എസ്.സന്തോഷ് | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.എം.എസ്.താരിഖ് | ഓഡിറ്റർ |
| ശ്രീമതി.സി.രാജേശ്വരി | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ.എസ്.തനികാചലം | 1-4-2015 മുതൽ 31-10-2015 വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 1-11-2015 മുതൽ 11-11-2015 വരെ |
| | ശ്രീമതി.ബബിത.എ.കെ | 12-11-2015 മുതൽ 31-3-2016 വരെ |
| സെക്രട്ടറി | ശ്രീ.എ.മോഹൻ | 1-4-2015 മുതൽ 28-2-2016 വരെ |
| | ശ്രീ.എം.സുരേഷ്, അസി.സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്ജ്) | 1-3-2016 മുതൽ 13-3-2016 വരെ |
| | ശ്രീമതി. അമിത.സി.എം | 14-3-2016 മുതൽ 31-3-2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.ജോർജ്ജ് സ്വീറ്റ് | 1-4-2015 മുതൽ 31-3-2016 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.നാരായണൻ | 1-4-2015 മുതൽ 31-3-2016 വരെ |
| വി.ഇ.ഒ- I | ശ്രീ.എസ്.സുചിത്രൻ | 1-4-2015 മുതൽ 31-3-2016 വരെ |
| വി.ഇ.ഒ- II | ശ്രീ. കൃഷ്ണദാസ് | 1-4-2015 മുതൽ 31-3-2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.പ്രമീള | 1-4-2015 മുതൽ 31-3-2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.സേതു.എസ് | 1-4-2015 മുതൽ 31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ.ജോവിത പുളുർ | 1-4-2015 മുതൽ 31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ-CHC | ഡോ.എസ്.രാധാകൃഷ്ണൻ | 1-4-2015 മുതൽ 31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.സിമ.എം.ചന്ദ്രൻ | 1-4-2015 മുതൽ 31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | ഡോ.എസ്.ഷീജ | 1-4-2015 മുതൽ 31-3-2016 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.അബ്ദുൾ കലീലൂർ റഹ്മാൻ | 1-4-2015 മുതൽ 31-3-2016 വരെ |

| | | |
|---|---|---|
| അസി.സെക്രട്ടറി | ശ്രീ.എ.എൻ.ശിവസുബ്രമണ്യൻ | 1-4-2015 മുതൽ 31-10-2015 വരെ |
| | ശ്രീ.എം.സുരേഷ് | 1-11-2015 മുതൽ 31-3-2016 വരെ |

## ഉള്ളടക്കം

### ഭാഗം 1

### ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമ പദ്ധതികൾ | 1(8) |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |
| 11 | അനുബന്ധ പത്രിക | 1(11) |

### ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വിനോദ നികുതി ചോർച്ച - ഗ്രാമപഞ്ചായത്തിന് ലക്ഷങ്ങളുടെ റവന്യൂ നഷ്ടം - തുടർ നടപടികൾ ആവശ്യപ്പെടുന്നു | 2(1) |
| 2 | ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ കണക്ക് സൂക്ഷിക്കുന്നില്ല-വസ്തുനികുതിയിനത്തിൽ | 2(2) |

| | | |
|---|---|---|
| | നഷ്ടം | |
| 3 | വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 2(3) |
| 4 | പരസ്യനികുതി പിരിവ് നിയമാനുസൃതമാക്കേണ്ടതാണ് | 2(4) |
| 5 | ഡി&ഒ ലൈസൻസ് അനുവദിക്കുമ്പോൾ ആവശ്യമായ രേഖകൾ ഉണ്ടെന്ന് ഉറപ്പാക്കണം | 2(5) |
| 6 | കംഫർട്ട് സ്റ്റേഷൻ കുറഞ്ഞ തുകയ്ക്ക് പുനർലേലം ചെയ്തത് ക്രമപ്രകാരമല്ല | 2(6) |
| 7 | വസ്തുവകകളുടെ ലേല നിബന്ധനകളിലെ അപാകതകൾ പരിഹരിക്കണം | 2(7) |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (2), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഐ.എസ്.ഒ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ മാതൃകാപരം | 3(1) |
| 2 | പഞ്ചായത്ത് ഓഫീസ് ബിൽഡിംഗിൽ സോളാർ പ്ലാന്റ് സ്ഥാപിക്കൽ പദ്ധതി- അവലോകനം | 3(2) |
| 3 | ഗ്രാമപഞ്ചായത്തിലെ കുടിവെള്ള വിതരണ സംവിധാനം വിലയിരുത്തൽ | 3(3) |
| 4 | തെരുവ് വിളക്കുകൾക്ക് മീറ്റർ റീഡിംഗ് സംവിധാനം ഏർപ്പെടുത്തിയ നടപടി അഭിനന്ദനാർഹം | 3(4) |
| 5 | കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിൽ അപാകതകൾ | 3(5) |
| 6 | ആവശ്യകത വിലയിരുത്താതെ എയർ കണ്ടീഷണറുകൾ വാങ്ങിയ നടപടി ക്രമപ്രകാരമല്ല | 3(6) |
| 7 | മീഡിയാശ്രീ പദ്ധതിക്ക് നൽകിയ തുകയുടെ വിനിയോഗ രേഖകൾ ലഭ്യമാക്കേണ്ടതാണ് | 3(7) |
| 8 | തെരുവുനായ്ക്കളുടെ വന്ധ്യംകരണത്തിനുള്ള പഞ്ചായത്ത് വിഹിതം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3(8) |
| 9 | വനിതാ പരിശീലന കേന്ദ്രം നിലവിൽ ഹോമിയോ ആശുപത്രിയായി ഉപയോഗിക്കുന്നു | 3(9) |

| | | |
|---|---|---|
| 10 | ഹോമിയോ ഡിസ്പൻസറിയിക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാകുന്നതിലെ കാലതാമസം ഒഴിവാക്കണം | 3(10) |
| 11 | കുടുംബശ്രീ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള വികസന ഫണ്ട് തിരിച്ചടക്കേണ്ടതാണ് | 3(11) |
| 12 | പട്ടികജാതി ഭവന നിർമ്മാണപദ്ധതി പൂർത്തീകരിച്ചിട്ടില്ല | 3(12) |
| 13 | ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ | 3(13) |
| 14 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 3(14) |
| 15 | മരാമത്ത് പ്രവൃത്തികളുടെ എഗ്രിമെന്റ് വെക്കുന്നതിൽ കാലതാമസം വരുത്തിയവരിൽ നിന്നും പിഴ ഈടാക്കിയില്ല | 3(15) |
| 16 | സിംഗിൾ ടെണ്ടറുകറുകൾ അംഗീകരിച്ചതിൽ നസർക്കാർ മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനം | 3(16) |
| 17 | മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പിൽ കൃത്യത പാലിക്കേണ്ടതാണ് | 3(17) |
| 18 | ആശ്രയ പദ്ധതി - അവലോകനം | 3(18) |

## ഭാഗം-IV

## ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4(7) |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4(8) |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(9) |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ്/പുതുക്കിയ ബജറ്റ് 10-3-2015 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 176332158രൂപയും ചെലവ് 156181591 രൂപയുമാണ്. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31-7-2016 | 30-7-2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|
| 2015-16 | അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

| | 2015-16 |
|---|---|
| മുന്നിരിപ്പ് | 21651708 |
| വരവ് | 56824225 |
| ആകെ | 78475933 |
| ചെലവ് | 69139822 |
| നീക്കിയിരിപ്പ് | 9336111 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | മറ്റ് ഫണ്ടു കളിൽ നിന്നും നിക്ഷേ പിച്ചത് | തൻ വർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| പ്ലാൻ-പൊതു വിഭാഗം | 2848950 | 4306416 | 8234743 | 15390109 | 15390109 | 0 | 0 |
| പ്ലാൻ-എസ്.സി.പി | 1699542 | | 2981114 | 4680656 | 3996804 | 683852 (*) | 0 |
| പ്ലാൻ-ടി.എസ്.പി | 225000 | | 1006685 | 1231685 | 1205000 | 26685 (*) | 0 |
| എം.ജി-റോഡ് | 281135 | | 10061559 | 10342694 | 10342694 | 0 | 0 |
| എം.ജി-റോഡ് | 1645982 | | 3078532 | 4724514 | 4724514 | 0 | 0 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2289725 | | 5915756 | 8205481 | 8086457 | 119024 (*) | 0 |
| പെർഫോമൻസ് ഗ്രാന്റ് | 4286817 | | 2949343 | 7236160 | 3759305 | 3476855 (*) | 0 |
| എം.എൻ.ആർ. ഇ. ജി.എസ്. (**) | 8173 | | 36461520 | 36469693 | 36459673 | 0 | 10020 |
| ബി ഫണ്ട് (***) | 0 | | 32353000 | 32353000 | 32353000 | - | 0 |

(*) വി.പി.എഫ്. എ 2 അക്കൗണ്ടിലേക്ക് മാറ്റിയത്
(**) EFMS ഉൾപ്പെടെ
(***) നേരിട്ട് ചെലവഴിച്ചത് ഉൾപ്പെടെ

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് % |
|---|---|---|---|---|---|---|---|
| 2015-16 | 156 | 60286694 | 137 | 48756449 | - | 19 | 81 |

2015-16 വർഷത്തിൽ അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 83% പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 71% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 3 | 2645177 | 1411146 | 53 |
| വെറ്ററിനറി സർജ്ജൻ | 2 | 2 | 800000 | 130000 | 16 |
| വി.ഇ.ഒ | 14 | 9 | 10320336 | 6623236 | 64 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 3 | 3 | 3253893 | 2620524 | 81 |
| സെക്രട്ടറി | 25 | 19 | 6602666 | 5961668 | 90 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 90 | 86 | 30246228 | 27574672 | 91 |
| മെഡിക്കൽ ഓഫീസർ-PHC | 6 | 5 | 408170 | 289500 | 71 |
| മെഡിക്കൽ ഓഫീസർ-CHC | 1 | 1 | 551000 | 389979 | 71 |
| മെഡിക്കൽ ഓഫീസർ-ISM | 1 | 1 | 200000 | 200000 | 100 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 200000 | 200000 | 100 |
| എച്ച്.എം | 3 | 2 | 1484224 | 1040724 | 70 |
| അസി.സെക്രട്ടറി | 8 | 6 | 3575000 | 2315000 | 65 |

# 1-7 തനത് വരുമാനം

| ഇനം | മുൻവർഷ വരവ് | തൻവർഷം വരവ് | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 2891366 | 3310565 | 419199 | +(14) |
| നികുതിയേതര വരവുകൾ | 4340504 | 4412094 | 71590 | -(2) |
| ആകെ | 7231870 | 7722659 | 490789 | -(7) |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷ കൾ | നിശ്ചിത ദിവസ ത്തിനകം തീരുമാന മെടുത്തവ | നിരസി ച്ചവ | കാല താമസ മുണ്ടെ ങ്കിൽ പരി ഹാര മാർഗ്ഗം |
|---|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 21 | 21 | - | |
| 2 | തൊഴിൽ രഹിത വേതനം | 6 | 6 | 4 | |
| 3 | വിധവാ പെൻഷൻ | 95 | 95 | 6 | |
| 4 | വികലാംഗ പെൻഷൻ | 15 | 15 | 1 | |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 5 | 5 | 2 | |
| 6 | വാർദ്ധക്യകാല പെൻഷൻ | 555 | 555 | 8 | |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-11-2016 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 1913 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 9-11-2016 | 10/2016 | ലഭിച്ചിട്ടില്ല | - |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18-9-2006മുതൽ 27-9-2006 വരെ | 97-98 മുതൽ 2005-06 വരെ | റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമായില്ല | - |

# 1-11 അനുബന്ധ പത്രിക

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 വിനോദ നികുതി ചോർച്ച - ഗ്രാമപഞ്ചായത്തിന് ലക്ഷങ്ങളുടെ റവന്യൂ നഷ്ടം - തുടർനടപടികൾ ആവശ്യപ്പെടുന്നു

ഗ്രാമപഞ്ചായത്തിൽ 2015-16 വർഷത്തിൽ 4 സിനിമാ തിയറ്ററുകൾ നിലവിലുണ്ടായിരുന്നു. ഓരോ തിയറ്ററിൽനിന്നുമുള്ള വിനോദ നികുതിയുടെ കൃത്യത പരിശോധിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ലെന്ന് രേഖകളുടെ പരിശോധനയിൽ കണ്ടെത്തി. 2015-16 വർഷത്തിൽ എല്ലാ തിയറ്ററുകളിൽ നിന്നുമായി ലഭ്യമായ വിനോദ നികുതി കേവലം 100560 രൂപ മാത്രമാണ്. പല തിയറ്ററുകളിലും പുതിയ സിനിമകൾ റിലീസ് ചെയ്യുന്നുണ്ടെങ്കിലും തിയറ്ററുകൾ ഹാജരാക്കുന്ന ഡി.സി.ആറിൽ വില്പന നടത്തിയ ടിക്കറ്റുകളുടെ എണ്ണത്തിൽ വളരെ കുറവുള്ളതായി പ്രാഥമികമായ പരിശോധനയിൽ തന്നെ ബോധ്യപ്പെട്ടു. ടിക്കറ്റ് സീൽഡ് രജിസ്റ്ററിൽ സീൽ ചെയ്തു കൊടുത്തിട്ടുള്ള ടിക്കറ്റുകളുടെ എണ്ണവും തിയറ്ററുകളിലെ സീറ്റുകളുടേയും ദിവസേനയുള്ള ഷോകളുടെ എണ്ണവും തമ്മിൽ ഭീമമായ അന്തരം ഉള്ളതായി ബോധ്യപ്പെട്ടു. തിയറ്ററുകളിൽ പരിശോധന നടത്തി ഡി.സി.ആർ പ്രകാരമുള്ള കണക്കുകൾ ശരിയാണെന്ന് ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം ഓഡിറ്റ് വർഷത്തിൽ ഉണ്ടായിരുന്നില്ല. സീൽ ചെയ്തു കൊടുക്കുന്ന

ടിക്കറ്റുകളുടെ എണ്ണത്തിലെ കൃത്യത പരിശോധിക്കുകയോ, തിയറ്റർ ഉടമകൾ ഒടുക്കുന്ന വിനോദ നികുതിയുടെ കൃത്യത പരിശോധിക്കുകയോ, ഗ്രാമപഞ്ചായത്തിന്റെ സീലില്ലാതെ ടിക്കറ്റുകളുടെ വിതരണം നടക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ വിനോദ നികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിന് ലക്ഷങ്ങളുടെ റവന്യൂ നഷ്ടം ഉണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു.

ടിക്കറ്റ് സീൽഡ് രജിസ്റ്റർ, ഡി.സി.ആർ, ഡിമാൻറ് രജിസ്റ്റർ തുടങ്ങിയ രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റേയും, തിയറ്ററുകളുടെ സീറ്റിന്റേയും, ടിക്കറ്റ് നിരക്കിന്റെ അടിസ്ഥാനത്തിൽ ഈടാക്കുന്ന ശരാശരി വിനോദ നികുതിയുടെ അടിസ്ഥാനത്തിലും ഓരോ തിയറ്ററിൽ നിന്നും ഒരു വർഷത്തിൽ പ്രതീക്ഷിക്കാവുന്ന പരമാവധി വിനോദ നികുതിയുടെ വിശദാംശം താഴെ പട്ടികപ്പെടുത്തുന്നു.

| തിയറ്ററിന്റെ പേര് | സീറ്റുകളുടെ എണ്ണം | | | ഷോകളുടെ എണ്ണം | ഒരു ദിവസത്തെ പരമാവധി ടിക്കറ്റുകൾ | ശരാശരി വിനോദ നികുതി നിരക്ക് (13%) | ഒരു ദിവസത്തെ പ്രതീക്ഷിത വിനോദ നികുതി | ഒരു വർഷത്തെ പ്രതീക്ഷിത വിനോദ നികുതി |
|---|---|---|---|---|---|---|---|---|
| | ക്ലാസ് I | ബാൽകണി | ആകെ | | | | | |
| കൗമാലയ | 518 | 231 | 749 | 4 | 2996 | 7 | 20972 | 7654780 |
| വൃന്ദാവൻ | 522 | 160 | 682 | 4 | 2728 | 7 | 19096 | 6970040 |
| രവിരാജ് സ്ക്രീൻ I | 307 | 75 | 382 | 4 | 1528 | 7 (**) | 10696 | 3904040 |
| രവിരാജ് സ്ക്രീൻ II* | 165 | - | 165 | 4 | 660 | 11.50 (***) | 7590 | 1464870 (193 ദിവസം) |
| ആകെ | 1512 | 466 | 1978 | - | 7912 | - | 58354 | 19993730 |

* 19-9-2015 മുതൽ പ്രവർത്തനമാരംഭിച്ചു

(**) ശരാശരി ടിക്കറ്റ് നിരക്ക് – 53 രൂപ

(***) ശരാശരി ടിക്കറ്റ് നിരക്ക് – 89 രൂപ

മേൽപറഞ്ഞ പ്രകാരം ഒരു വർഷത്തെ പരമാവധി വിനോദ നികുതി ഡിമാൻറ് 1.99 കോടി രൂപയായി നിശ്ചയിക്കാമെന്നിരിക്കെ 2015-16 വർഷത്തെ ബജറ്റിൽ കേവലം 65000 രൂപയും വാർഷിക കണക്കിന്റെ ഇൻകത്തിന്റെ ഭാഗത്ത് 100560 രൂപയും മാത്രമാണ് പ്രതീക്ഷിത വരുമാനമായി ചേർത്തിട്ടുള്ളത്.

2015-16 വർഷത്തിൽ തിയറ്ററുകൾക്ക് സീൽ ചെയ്തു കൊടുത്തിട്ടുള്ള ടിക്കറ്റുകളുടെ എണ്ണം, വിനോദ നികുതി വരവ് എന്നിവയുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| തിയറ്ററിന്റെ പേര് | ഒരു ദിവസത്തെ പരമാവധി ടിക്കറ്റുകൾ | ഒരു വർഷത്തെ പരമാവധി ടിക്കറ്റുകൾ | സീൽ ചെയ്തു കൊടുത്തത് | വ്യത്യാസം | ഒരു വർഷത്തെ പ്രതീക്ഷിത വിനോദ നികുതി | ഗ്രാമ പഞ്ചായത്തിൽ വരവ് വെച്ച നികുതി | വ്യത്യാസം |
|---|---|---|---|---|---|---|---|
| കൗമാലയ | 2996 | 1093540 | 5000 | 1088540 | 7654780 | 30364 | 7624416 |
| വൃന്ദാവൻ | 2728 | 995720 | 3800 | 991920 | 6970040 | 21605 | 6948435 |
| രവിരാജ് സ്ക്രീൻ I | 1528 | 557720 | 4200 | 553520 | 3904040 | 31364 | 3872676 |
| രവിരാജ് സ്ക്രീൻ II* | 660 | 127380 (193 ദിവസം) | 1500 | 125880 | 1464870 (193 ദിവസം) | 17227 | 1447643 |
| ആകെ | 7912 | 2774360 | 14500 | 2759860 | 19993730 | 100560 | 19893170 |

* 19-9-2015 മുതൽ പ്രവർത്തനമാരംഭിച്ചു

പല തിയറ്ററുകളിലും പല ഷോകൾക്കും ആളുകൾ വളരെ കുറവാണെന്നും ചില പടങ്ങൾക്ക് മാത്രമാണ് ആളുകൾ വരുന്നതെന്നും തിയറ്റർ ഉടമകളും ഗ്രാമപഞ്ചായത്ത് അധികൃതരും ഓഡിറ്റിനെ അറിയിച്ചു. ഡി.സി.ആർ പരിശോധിച്ചപ്പോൾ 4 ഷോകൾക്കും കൂടി പല ദിവസങ്ങളിലും 10 ൽ താഴെ ടിക്കറ്റുകൾ മാത്രം വില്പന നടത്തിയതായി കാണിച്ച് ഡി.സി.ആർ സമർപ്പിച്ചിട്ടുണ്ടെന്ന് കണ്ടെത്തി. ഈ കണക്ക് ഗ്രാമപഞ്ചായത്ത് സീൽ ചെയ്തു കൊടുത്തിട്ടുള്ള ടിക്കറ്റുകളുടെ എണ്ണവുമായി പൊരുത്തപ്പെടുന്നുണ്ടെങ്കിലും റിലീസ് കേന്ദ്രങ്ങളിൽ പോലും ആദ്യ ദിവസങ്ങളിലെ എണ്ണം വളരെ കുറവായി കാണിച്ചത് സംശയാസ്പദമാണ്.

സെൻട്രൽ പിക്ചേഴ്സ് കോട്ടയം വിതരണം ചെയ്ത എന്ന് നിന്റെ മൊയ്തീൻ എന്ന സിനിമ 2.11.2015 മുതൽ 10.11.2015 വരെ 9 ദിവസം 4ഷോ വീതം രവിരാജ് സ്ക്രീൻ 2 തീയേറ്ററിൽ കളിച്ചിട്ടുണ്ട്. 165 സീറ്റുകളാണ് തീയേറ്ററിലുള്ളത്. എന്നാൽ പ്രസ്തുത സിനിമയുടെ 32 പ്രദർശനങ്ങൾക്ക് 66 ടിക്കറ്റുകളുടെ വിനോദ നികുതി മാത്രമാണ് പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളത്. ഇത് പ്രകാരം ഒരു പ്രദർശനത്തിന് ശരാശരി 3 ൽ താഴെ ആളുകൾ മാത്രമാണ് ഈ സിനിമ കണ്ടിരുന്നത്. അസാധാരണമായ ഈ സാഹചര്യത്തിൽ പോലും തീയറ്ററിൽ ഭൗതിക പരിശോധന നടത്താൻ പഞ്ചായത്ത് അധികൃതർ ശ്രദ്ധിച്ചിട്ടില്ല.

റിലീസ് കേന്ദ്രങ്ങളല്ലാത്ത മൂന്നു ഷോകൾ മാത്രം നടത്തുന്ന രണ്ട് തിയറ്ററുകൾ മാത്രമുള്ള ചിറ്റൂർ-തത്തമംഗലം നഗരസഭയുടെ 2015-16 വർഷത്തെ വിനോദ നികുതി വരവ് 8.29 ലക്ഷം രൂപയാണെന്ന് സ്ഥാപനത്തിന്റെ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ എണ്ണത്തിൽ കൂടുതലും റിലീസ് കേന്ദ്രങ്ങളുള്ളതുമായ തിയറ്ററുകളുള്ള ഗ്രാമപഞ്ചായത്തിലെ വിനോദനികുതി കേവലം 100560 രൂപയാണെന്നത് ആശങ്കാജനകമാണ്.

ആളുകൾ കുറവാണെന്ന തിയറ്ററുകളുടെ വാദം ശരിവെക്കുകയാണെങ്കിൽ തന്നെ കുറഞ്ഞത് താഴെ പറയും പ്രകാരം വിനോദനികുതി വരവുണ്ടാകേണ്ടതായിരുന്നു എന്ന് വിലയിരുത്തുന്നു.

| ഒരു വർഷത്തിൽ | വിനോദ നികുതി |
|---|---|
| ആകെ പ്രതീക്ഷിത വിനോദ നികുതി | 19993730 |
| ശരാശരി 50 ശതമാനം ആളുകളെ പ്രതീക്ഷിച്ചാൽ | 9996865 |
| ശരാശരി 25 ശതമാനം ആളുകളെ പ്രതീക്ഷിച്ചാൽ | 4998433 |
| ശരാശരി 10 ശതമാനം ആളുകളെ പ്രതീക്ഷിച്ചാൽ | 1999373 |

2015-16 വർഷത്തിൽ ഏറ്റവും കുറഞ്ഞത് 1999373 രൂപയെങ്കിലും പഞ്ചായത്ത് ഫണ്ടിൽ വരവുണ്ടാകേണ്ടതായിരുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

സിനിമാ തിയറ്ററുകളിൽ എത്തുന്ന ആളുകളുടെ എണ്ണത്തിൽ കുറവുള്ള സാഹചര്യം ഉണ്ടെങ്കിലും തിയറ്ററുകളുടെ എണ്ണത്തിൽ 2015-16 നു ശേഷം വർദ്ധനവുണ്ടായിട്ടുണ്ട്. നിലവിൽ ഗ്രാമപഞ്ചായത്തിലുള്ള തിയറ്ററുകൾ താഴെ പറയുന്നവയാണ്.

| തിയറ്ററിന്റെ പേര് | സീറ്റുകളുടെ എണ്ണം |
|---|---|
| കൗമാലയ | 749 |
| വൃന്ദാവൻ സ്ക്രീൻ I | 522 |
| വൃന്ദാവൻ സ്ക്രീൻ II | 160 |
| രവിരാജ് സ്ക്രീൻ I | 382 |
| രവിരാജ് സ്ക്രീൻ II | 165 |
| ഗീത സിനിമാക്സ് സ്ക്രീൻ I | 231 |
| ഗീത സിനിമാക്സ് സ്ക്രീൻ II | 231 |
| ആകെ | 2440 |

1978 ൽ നിന്നും 2440 ആയി സീറ്റുകൾ വർദ്ധിച്ചിട്ടുണ്ട്. 23% സീറ്റുകൾ വർദ്ധിച്ച സാഹചര്യത്തിൽ വിനോദനികുതിയിൽ ആനുപാതിക വർദ്ധനവ് ഉണ്ടാകേണ്ടതുണ്ട്.

മലയാളസിനിമാ ചരിത്രത്തിൽ ആദ്യമായി 100 കോടിയലധികം കളക്ഷൻ ലഭിച്ച ആദ്യ സിനിമയായ പുലിമുരുകൻ എന്ന സിനിമ പ്രദർശിപ്പിക്കുന്ന തിയറ്ററിലെ ഡി.സി.ആറിൽ 50 ശതമാനത്തിൽ കുറവ് ടിക്കറ്റുകളുടെ വില്പന മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്ന് കണ്ടെത്തി. ആദ്യ മൂന്നാഴ്ചകളിൽ എല്ലാ ഷോകളും ഹൗസ് ഫുൾ ആയിട്ടാണ് പ്രദർശിപ്പിച്ചിരുന്നതെന്ന് ഓഡിറ്റ് പ്രാദേശികമായി നടത്തിയ അന്വേഷണത്തിൽ നിന്നും അറിയുവാൻ സാധിച്ചു. ഈ തിയറ്ററിൽ 231 സീറ്റുകളാണുള്ളത്. 4 ഷോകളിലായി 21 ദിവസങ്ങളിൽ 19320 ആളുകൾ ഈ തിയറ്ററിൽ സിനിമ കണ്ടിട്ടുണ്ടെന്ന് വിലയിരുത്തുന്നു. ഈ തിയറ്ററിന്റെ 2016-17 വർഷത്തെ ടിക്കറ്റ് സീൽഡ് രജിസ്റ്റർ പ്രകാരം 1-4-2016 മുതൽ 23-11-2016 വരെ ആകെ 18000 ടിക്കറ്റുകൾ മാത്രമാണ് സീൽ ചെയ്തു കൊടുത്തിട്ടുള്ളത്.

## ഓഡിറ്റ് നിർദ്ദേശങ്ങൾ

1. തിയറ്ററുകളുടെ നടത്തിപ്പിൽ The Kerala Cinemas (Regulation) Act 1958, The Kerala Cinemas (Regulation) Rules 1988, The Kerala Local Authorities Entertainment's Tax Act 1961 എന്നിവയിലെ നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്ത് അധികാരികൾ ഉറപ്പാക്കുന്നതോടൊപ്പം തിയറ്ററുകളുടെ സുഗമമായ നടത്തിപ്പിനുള്ള നിയമപരമായ എല്ലാ സഹകരണങ്ങളും തിയറ്റർ ഉടമകൾക്ക് നൽകി തിയറ്ററുകൾ നിലനിർത്തുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതാണ്.

2. വിനോദ നികുതി വെട്ടിപ്പ് തടയുന്നതിനായി സർക്കാർ പുറപ്പെടുവിച്ച സർക്കുലർ നം. 45979/എഫ്.എം.3/2009/ത.സ്വ.ഭ.വ തിയതി 16-12-2009 ൽ നിർദ്ദേശിച്ച പരിഹാര മാർഗ്ഗങ്ങൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

3. ഗ്രാമപഞ്ചായത്ത് സീൽ ചെയ്തു കൊടുക്കുന്ന ടിക്കറ്റുകളല്ലാതെ മറ്റ് ടിക്കറ്റുകളൊന്നും വിതരണം ചെയ്യുന്നില്ലെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പാക്കേണ്ടതാണ്. സീൽ ചെയ്തു കൊടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിലെ കൃത്യത ഉറപ്പാക്കുവാൻ മേലുദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

4. തിയറ്ററുകളിലെ പരിശോധന കർശനമാക്കി നികുതി ചോർച്ച നടക്കുന്നില്ലെന്ന് ഉറപ്പാക്കേണ്ടതാണ്. ഓഫീസ് ഉത്തരവ് പ്രകാരം ഉദ്യോഗസ്ഥർക്ക് പരിശോധനാ ചുമതല നൽകേണ്ടതാണ്.

5. ഗ്രാമപഞ്ചായത്തിന് സമർപ്പിക്കുന്ന ഡി.സി.ആറിലെ കൃത്യത അതാത് സമയം ഉറപ്പാക്കി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

6. ബജറ്റ്, വാർഷിക കണക്ക് എന്നിവ തയ്യാറാക്കുമ്പോൾ പ്രതീക്ഷിത വരവ് യാഥാർത്ഥ്യ ബോധത്തോടെ കണക്കാക്കേണ്ടതും യഥാർത്ഥ വരവുമായി പൊരുത്തപ്പെടുത്തി സാരമായ കുറവ് ബോധ്യപ്പെട്ടാൽ അന്വേഷണം നടത്തി പരിഹാരം കണ്ടെത്തുവാൻ

ശ്രമിക്കേണ്ടതാണ്.

7. തിയറ്റർ ഉടമകളുടെ യോഗം വിളിച്ച് ചേർത്ത് അവർ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതോടൊപ്പം കൃത്യമായ കണക്കുകൾ നല്കുവാൻ ശ്രദ്ധിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്താവുന്നതാണ്.

8. രേഖകൾ കൈകാര്യം ചെയ്യുന്ന സെക്ഷൻ, സീൽ ചെയ്തുകൊടുക്കുന്ന ഉദ്യോഗസ്ഥർ എന്നിവർ കൃത്യമായി ചുമതലകൾ നിർവ്വഹിക്കുന്നുണ്ടെന്ന് മേലുദ്യോഗസ്ഥർ ഉറപ്പാക്കി റവന്യൂ ചോർച്ച ഉണ്ടാകുന്നില്ലെന്ന് ഉറപ്പാക്കേണ്ടതാണ്.

9. ഭരണസമിതിയുടെ അടിയന്തിര ഇടപെടൽ ഈ വിഷയത്തിൽ ആവശ്യപ്പെടുന്നു.

10. ഓഡിറ്റ് വർഷത്തിലുണ്ടായതും നിലവിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നതുമായ വിനോദനികുതി ചോർച്ച അന്വേഷണവിധേയമാക്കി ബോധപൂർവ്വമായ വീഴ്ചകൾ ഉണ്ടായിട്ടുണ്ടെങ്കിൽ ഉചിതമായ തുടർനടപടികൾ സ്വീകരിക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.
ഓഡിറ്റ് അന്വേഷണം നം. 11/24-11-2016 നുള്ള മറുപടിയിൽ പരിശോധന കർശനമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിന്മേലുള്ള തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ കണക്ക് സൂക്ഷിക്കുന്നില്ല- വസ്തുനികുതിയിനത്തിൽ നഷ്ടം

കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ കൃത്യമായ കണക്ക് സൂക്ഷിക്കുന്നില്ലെന്നും വസ്തുനികുതി ഈടാക്കുന്നില്ലെന്നും പരിശോധനയിൽ ബോധ്യപ്പെട്ടു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പെർമിറ്റില്ലാതെ അനധികൃതമായി സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്ന മൊബൈൽ ടവറുകളുടെ വിവരം ശേഖരിക്കുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തണമെന്നും, അനധികൃതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തുന്ന ടവറുകളിൽനിന്ന് പെർമിറ്റ് ഫീസും, കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതിയും ഈടാക്കണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.10.2014-ലെ 40395/ആർ.സി.2/2014/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. മേൽ നിർദ്ദേശം പാലിക്കുന്നതിനുള്ള നടപടികൾ ഒന്നും തന്നെ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജ്) ചട്ടങ്ങൾ പ്രകാരം ഒരു ചതുരശ്രമീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടുണ്ട്. ഇതു പ്രകാരം മൊബൈൽ ടെലിഫോൺ ടവറിന് ചതുരശ്ര മീറ്ററിന് 400 മുതൽ 500 രൂപ വരെ വസ്തു നികുതി ചുമത്താവുന്നതാണ്. ആയതനുസരിച്ച് 26-9-2011 ലെ തീരുമാനം നം. 6 പ്രകാരം മൊബൈൽ ടവറുകളുടെ വസ്തുനികുതി 500 രൂപയായി നിശ്ചയിച്ചിട്ടുണ്ടെങ്കിലും ഈ ഇനത്തിലെ വരവ് ഗ്രാമപഞ്ചായത്ത് ഉറപ്പാക്കിയിട്ടില്ല.

സ.ഉ(എം.എസ്)നം.150/14/ത.സ്വ.ഭ.വ തിയതി 21-8-2014 പ്രകാരം നിലവിൽ വന്ന അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനുള്ള ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ടെലി കമ്മ്യൂണിക്കേഷൻ ടവറുകൾ ക്രമവൽക്കരിക്കുന്നതിനുള്ള ഫീസ് 25000 രൂപയാണ്.

മൊബൈൽ ടവറുകളുടെ കൃത്യമായ കണക്ക് ശേഖരിച്ച് അനധികൃത ടവറുകൾ ക്രമവൽക്കരിച്ച് കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന് ഈ ഇനത്തിൽ ഉണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനായി ഭരണസമിതിയുടേയും ഉദ്യോഗസ്ഥരുടേയും കൂട്ടായ ശ്രമം ഉണ്ടാകേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 19/25-11-2016 നുള്ള മറുപടിയിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് ഗ്രാമപഞ്ചായത്ത് വ്യക്തമാക്കിയിട്ടുണ്ട്. ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന ഡി&ഓ ലൈസൻസ് എടുത്തിട്ടുള്ള സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1 | കെ.ജി.പി ബോൺ പ്രോഡക്ട്സ് | അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല. | |
| 2 | കെ.ജി.പി ഗ്രാനൈറ്റ്സ് | അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല. | |
| 3 | ശ്രീമഹാശക്തി മിൽസ് | 60 ജീവനക്കാർ | 5 പേരിൽ നിന്നും ഈടാക്കിയിട്ടുണ്ട്. |
| 4 | തെയ്യംപാട്ടിൽ വെൻജേഴ്സ് | 20 ജീവനക്കാർ | |

| | | | |
|---|---|---|---|
| | പ്രൈ.ലിമി. | | |

2015-16 വർഷത്തിൽ 383 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും 280 സ്ഥാപനത്തിന്റെ/ട്രേഡേഴ്സിന്റെ തൊഴിൽ നികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളത്.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 205 അനുസരിച്ച് തൊഴിൽ നികുതി ഈടാക്കി ഗ്രാമപഞ്ചായത്തിൽ അടവാക്കേണ്ടത് തൊഴിലുടമയുടെ കടമയാണ്. തുക ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 പരസ്യനികുതി പിരിവ് നിയമാനുസൃതമാക്കേണ്ടതാണ്

കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിലെ 2015-16 വർഷത്തേക്കുള്ള പരസ്യ നികുതി പിരിച്ചെടുക്കുന്നതിനുള്ള കുത്തകപ്പാട്ടം നൽകുന്നതിനായുള്ള ലേലത്തിൽ 30500/- രൂപ ഓഡിറ്റ് വർഷത്തിൽ വരവുണ്ട്. 17-3-2015 പഞ്ചായത്ത് തീരുമാനം നം. 5(1) പ്രകാരമാണ് ലേലം അംഗീകരിച്ചിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| രശീതി നം./ തിയതി | തുക | പരസ്യ നികുതി പിരിക്കുവാൻ ചുമതലയുള്ള വ്യക്തി |
|---|---|---|
| 11403119536/ 26-02-2015 | 30500 | ശ്രീ.ഹരിദാസ് മേനോൻ |

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 256-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് ഒരു ബൈലോ തയ്യാറാക്കാവുന്നതാണ്. പഞ്ചായത്ത് ഡയറക്ടറുടെ 18.05.2005 ലെ സി/5/15253/04 നമ്പർ സർക്കുലറിലൂടെ ഗ്രാമപഞ്ചായത്തുകളിൽ പരസ്യ നികുതി ഈടാക്കുന്നതിനു വേണ്ടിയുള്ള മാതൃകാബൈലോ പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്തിൽ ബൈലോയുടെ അടിസ്ഥാനത്തിലല്ല പരസ്യ നികുതി ഈടാക്കി വരുന്നത്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 (ബി, സി) എന്നിവ പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഏതെങ്കിലും പരസ്യം പ്രദർശിപ്പിക്കുകയോ, ഉറപ്പിച്ചു വയ്ക്കുകയോ ചെയ്യുന്നതിന് പഞ്ചായത്ത് സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദം ആവശ്യമാണ്. സെക്രട്ടറിയുടെ അനുവാദമില്ലാതെ യാതൊരു തരത്തിലുള്ള പരസ്യങ്ങളും പ്രദർശിപ്പിക്കുവാൻ പാടുള്ളതല്ല. പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ച പരസ്യ ബോർഡുകളുടെ എണ്ണം, വലിപ്പം ചുവർ പരസ്യങ്ങൾ തുടങ്ങിയവയുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഓരോ വർഷവും പരസ്യനികുതി പിരിച്ചെടുക്കുവാൻ ലേലം ചെയ്യുകയും ലേലക്കാരൻ ഒറ്റത്തവണയായി തുക ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്ന രീതിയാണ് തുടർന്നു വരുന്നത്.

ഗ്രാമപഞ്ചായത്ത് പരിധിയിലെ പരസ്യങ്ങൾക്ക് ചുമത്താവുന്ന നിരക്ക് നിശ്ചയിച്ച്

ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കുകയും ആയതനുസരിച്ച് പരസ്യനികുതി പിരിച്ചെടുക്കുവാനുമുള്ള നടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ളതും പ്രദർശിപ്പിച്ചതുമായ എല്ലാ പരസ്യങ്ങളുടെയും വിവരങ്ങൾ ചേർച്ച് ഒരു രജിസ്റ്റർ ഉണ്ടാക്കേണ്ടതാണ്. ഇതിൽ പരസ്യത്തിന്റെ ഇനം, വലുപ്പം, അംഗീകാരം എന്നിവ ഉൾക്കൊള്ളേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം.19/25-11-2016 നുള്ള മറുപടിയിൽ 17-3-2015 ലെ തീരുമാനം നം. 8 പ്രകാരം തയ്യാറാക്കിയിട്ടുള്ള ബൈലോക്ക് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

## 2-5 ഡി&ഒ ലൈസൻസ് അനുവദിക്കുമ്പോൾ ആവശ്യമായ രേഖകൾ ഉണ്ടെന്ന് ഉറപ്പാക്കണം

### എ. പെട്രോൾ പമ്പ് ഉടമകളിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ വാങ്ങാതെ ഡി&ഓ ലൈസൻസ് അനുവദിക്കുന്നത് ഒഴിവാക്കണം

ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും 4 പെട്രോൾ പമ്പുകൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ അപേക്ഷയോടൊപ്പം ആവശ്യമായ നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം/ഉടമസ്ഥൻ | രശീതി നം./തീയതി | റിമാർക്സ് |
|---|---|---|---|
| 1 | ശ്രീശബരി ഫ്യൂവൽസ്<br>12/584<br>ശ്രീ.കതിർവേൽ | 11503104165/13-7-2015<br>ഫീസ് - 1000 | പെട്രോളിയം & എക്സ്പ്ലോസീവ് ലൈസൻസ് കാലാവധി 31-12-2014 ൽ അവസാനിച്ചു. |
| 2 | കെ.കെ.സുബ്ബയ്യൻ<br>8/68 | 11403120669/12-3-2015<br>ഫീസ് - 1000 | ആവശ്യമായ നിരാക്ഷേ പത്രങ്ങൾ ഹാജരാക്കിയിട്ടില്ല. |
| 3 | പി.മുരളീധരൻ<br>18/420 | 11403119465/25-2-2015<br>ഫീസ് - 1000 | ആവശ്യമായ നിരാക്ഷേ പത്രങ്ങൾ ഹാജരാക്കിയിട്ടില്ല. |

മേൽ പട്ടികയിലെ ക്രമ നം. 3 ന്റ് അപേക്ഷയിൽ ഒരു ദിവസത്തെ വിറ്റു വരവ് രേഖപ്പെടുത്തിയിട്ടുള്ളത് 70000 രൂപയാണ്. 1996ലെ കേരള പഞ്ചായത്ത് രാജ്(ആപത്ക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക 2 പ്രകാരം 50000 നും 1 ലക്ഷത്തിനുമിടയിൽ

ദിവസേനയുള്ള ശരാശരി വിറ്റുവരവിന് ഈടാക്കാവുന്ന പരമാവധിഫീസ് 2000 രൂപയാണെന്നിരിക്കെ ഫീസിനത്തിൽ കാലികമായ വർദ്ധനവ് വരുത്തുവാൻ ശ്രദ്ധിച്ചിട്ടില്ല.

എല്ലാ പമ്പുകളുടേയും കൃത്യമായ വിറ്റുവരവന്റെ കൃത്യത പരിശോധിച്ച് ലൈസൻസ് ഫീസ് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

മറ്റു വകുപ്പുകളിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ ഉണ്ടെന്ന് ഉറപ്പു വരുത്തിയതിനു ശേഷം മാത്രം പെട്രോൾ പമ്പുകൾക്ക് ഡി&ഓ ലൈസൻസ് അനുവദിക്കേണ്ടതാണ്.

**ബി. ഹോളോ ബ്രിക്സ് യൂണിറ്റുകൾക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രം ഇല്ലാതെ ലൈസൻസ് അനുവദിച്ചു**

ബി) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ 30.12.2010 ലെ PCB/HO /KTM/16741/09/09 നമ്പർ സർക്കുലർ പ്രകാരം ബ്രിക്സ് നിർമ്മാണ യൂണിറ്റുകൾക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിപത്രം ആവശ്യമാണ്. എന്നാൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിപത്രം ഇല്ലാതെ ഓഡിറ്റ് കാലയളവിൽ നിരവധി ഇത്തരം യൂണിറ്റുകൾക്ക് പുതിയ ലൈസൻസ് നൽകുകയും പുതുക്കി നൽകുകയും ചെയ്തിട്ടുണ്ട്.

ഉദാഹരണം താഴെ ചേർക്കുന്നു.

| ക്രമ നം. | രജിസ്റ്ററിലെ നം. | ഉടമസ്ഥൻ | രശീതി നം./ തീയതി |
|---|---|---|---|
| 1 | 257 | കെ.സുപ്രിയ | 11503102010/12-5-14 |
| 2 | 214 | അബു ഉബൈദ് | 11403121456/28-3-15 |
| 3 | 28 | അനവർബാഷ | 11403119327/21-2-15 |

ആവശ്യമായ എല്ലാ രേഖകളും ഉണ്ടെന്ന് ഉറപ്പാക്കി മാത്രം ലൈസൻസ് അനുവദിക്കേണ്ടതാണ്.

## 2-6 കംഫർട്ട് സ്റ്റേഷൻ കുറഞ്ഞ തുകയ്ക്ക് പുനർലേലം ചെയ്തത് ക്രമപ്രകാരമല്ല

26-2-2015 തിയതിയിലെ 2015-16 വർഷത്തെ ലേലത്തിൽ ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള കംഫർട്ട് സ്റ്റേഷൻ നടത്തിപ്പിനുള്ള ഏറ്റവും കുറഞ്ഞ തുകയായി നിശ്ചയിച്ചിരുന്നത് 211500 രൂപയാണ്. ലേലത്തിൽ ഏറ്റവും കൂടിയ തുകയായ 211700 രൂപ രേഖപ്പെടുത്തിയത് ശ്രീ.ആറുച്ചാമി എന്ന വ്യക്തിയാണ്. മതിയായ തുകയ്ക്ക് ലേലം വിളിക്കാതിരുന്നതിനാൽ പുനർലേലം നടത്തുവാൻ തീരുമാനിച്ചു എന്ന് ലേല

ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 26-2-2015 ലെ ഭരണസമിതി തീരുമാനം നമ്പർ 5(1) പ്രകാരമാണ് പുനർലേലം നടത്തുവാൻ തീരുമാനിച്ചിട്ടുള്ളത്.

മേൽ തീരുമാനമനുസരിച്ച് 13-3-2015 ന് നടന്ന പുനർലേലത്തിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.
പഞ്ചായത്ത് നിശ്ചയിത്ത ഏറ്റവും കുറഞ്ഞ തുക – 150000/-

പങ്കെടുത്ത ആളുകളുടെ എണ്ണം - 4

ലേലം വിളിച്ച വ്യക്തികൾ - ശ്രീ.സെയ്തുമുഹമ്മദ് (150200), ശ്രീ.പളനിച്ചാമി (150400, 151000), ശ്രീ.ആറുച്ചാമി (150100, 150500, 152000)

ഭരണ സമിതിയുടെ 17-3-2015 ലെ തീരുമാനം നമ്പർ 5(2) പ്രകാരം പുനർലേലത്തിൽ കൂടിയ തുക രേഖപ്പെടുത്തിയ ശ്രീ.ആറുച്ചാമി എന്നയാൾക്ക് കംഫർട്ട് സ്റ്റേഷൻ നടത്തിപ്പിനുള്ള അവകാശം അംഗീകരിച്ചു നൽകിയിട്ടുണ്ട്.

ലേല തുക – 152000/- (രശീതി നം. 11403120874/16-3-2015- 76000/-, 11503110724/3-2-2016 - 76000/-)

ഭരണസമിതിയുടെ 17-3-2015 ലെ തീരുമാനം നമ്പർ 5(2) ൽ 'ലേലം അംഗീകരിച്ച്' എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആദ്യ ലേലത്തിൽ കൂടുതൽ തുക രേഖപ്പെടുത്തിയ ശ്രീ.ആറുച്ചാമി എന്ന വ്യക്തിക്ക് തന്നെയാണ് പുനർലേലത്തിൽ ആദ്യ ലേലതുകയേക്കാൾ 59700 രൂപ കുറഞ്ഞ നിരക്കിൽ ലേലം ഉറപ്പിച്ചു നൽകിയത്.

26-2-2015 ന് നടന്ന ലേലത്തിൽ 211700 രൂപ കുറവാണെന്ന കാരണത്താൽ പുനർലേലം നടത്തുവാൻ തീരുമാനിക്കുകയും 13-3-2015 ന് നടന്ന പുനർലേലത്തിൽ 152000 രൂപക്ക് ലേലം ഉറപ്പിച്ചു നൽകുകയും ചെയ്ത നടപടി ക്രമപ്രകാരമല്ല. ഗ്രാമപഞ്ചായത്തിന് ഈ ഇനത്തിൽ ഉണ്ടായ 59700 രൂപയുടെ നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.
ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 12 തിയതി 24-11-2016 നുള്ള മറുപടിയിൽ 2015-16 വർഷത്തെ ലേല നടപടികൾക്കു ശേഷം ബസ് ജീവനക്കാർക്ക് കംഫർട്ട് സ്റ്റേഷൻ സൗജന്യമായി ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകിയിരുന്നതായും ലേലം കൊണ്ട തുക കൂടുതലായതിനാൽ തുക കുറച്ചു നൽകുവാൻ ശ്രീ.ആറുച്ചാമി ഭരണസമിതിയോട് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിലുമാണ് പുനർലേലം നടത്തുവാൻ തീരുമാനിച്ചത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇക്കാര്യം തെളിയിക്കുന്ന രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല.
ആദ്യ ലേലം ഉറപ്പിച്ചു നൽകാത്ത സാഹചര്യത്തിൽ ശ്രീ.ആറുച്ചാമിയുടെ അഭ്യർത്ഥന നിലനിൽക്കുന്നതല്ല. ആയത് പരിഗണിച്ച് തറവില കുറച്ച് പുനർലേലം ചെയ്ത നടപടി

ക്രമപ്രകാരമല്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി അംഗീകരിക്കുവാൻ നിർവ്വാഹമില്ല.

## 2-7 വസ്തുവകകളുടെ ലേല നിബന്ധനകളിലെ അപാകതകൾ പരിഹരിക്കണം

ഗ്രാമപഞ്ചായത്തിലെ ബസ് സ്റ്റാന്റ് ഫീസ് പിരിവ്, കംഫർട്ട് സ്റ്റേഷൻ നടത്തിപ്പ്, മാർക്കറ്റ് ഫീസ് പിരിവ്, പരസ്യനികുതി പിരവ്, ഉഴവർ ചന്ത നടത്തിപ്പ് തുടങ്ങിയ ഇനങ്ങളുടെ ലേല നിബന്ധന പ്രകാരം ലേലം കൊണ്ട ആൾ ലേല തുകയുടെ 50% തുക ലേലദിവസവും ലേലം പഞ്ചായത്ത് അംഗീകരിച്ച് അറിയിക്കുന്ന മുറയ്ക്ക് മുദ്രപത്രത്തിൽ കരാർ വെക്കേണ്ടതും മുഴുവൻ തുകയും പഞ്ചായത്തിൽ അടവാക്കേണ്ടതുമാണ്. എന്നാൽ ബസ് സ്റ്റാന്റ് ഫീസ് പിരിവ്, മാർക്കറ്റ് ഫീസ് പിരിവ് എന്നിവയുടെ ലേലക്കാർ ആദ്യ ഗഡു ലേലദിവസം തന്നെ അടവാക്കിയിട്ടുണ്ടെങ്കിലും ബാക്കി തുക അടവാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. ലേല നിബന്ധനകളിൽ, തുക വൈകി ഒടുക്കുന്നവരിൽ നിന്നും പിഴപലിശ ഈടാക്കുന്നതാണെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ തുക വൈകി ഒടുക്കുവാനുള്ള പ്രവണത ഉണ്ടാവുകയും പിഴപലിശയിനത്തിൽ നഷ്ടം ഉണ്ടാവുകയും ചെയ്യുന്നുണ്ട്. എഗ്രിമെന്റുകൾ രേഖപ്പെടുത്തലുകളൊന്നും നടത്താതെയാണ് സൂക്ഷിച്ചിട്ടുള്ളത്. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

ലേല വ്യവസ്ഥകൾ അടിയന്തിരമായി പുതുക്കേണ്ടതും ആയതിനനുസരിച്ച് തുടർലേലങ്ങൾ നടത്തേണ്ടതുമാണ്. എഗ്രിമെന്റ് കൃത്യതയോടെ സൂക്ഷിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഐ.എസ്.ഒ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ മാതൃകാപരം

പൊതുജന സേവന സൗകര്യ സജ്ജീകരണം, ഫ്രണ്ട് ഓഫീസ് സജ്ജീകരണം, ഓഫീസ് സജ്ജീകരണം തുടങ്ങിയ മാനദണ്ഡങ്ങൾ പരിഗണിച്ച് കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ 9001-2008 സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ളത്. പാലക്കാട് ജില്ലയിൽ ഈ നേട്ടം കൈവരിച്ചിട്ടുള്ള അപൂർവ്വം ചില ഗ്രാമപഞ്ചായത്തുകളിലൊന്നാണ് കൊഴിഞ്ഞാമ്പാറ എന്നത് അഭിനന്ദനാർഹമാണ്. സ.ഉ(എം.എസ്) നം.373/13/ത.സ്വ.ഭ.വ തീയതി 2-12-13, സ.ഉ(എം.എസ്)നം.18/15/ത.സ്വ.ഭ.വ തീയതി 29-1-15 എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഗ്രാമപഞ്ചായത്തിന് 6/2016 ൽ I S O 9001:2008 സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുള്ളത്.

*സർട്ടിഫിക്കറ്റ് നം. TQS/Q-135 തിയതി 13-6-2015*

ഐ.എസ്.ഒ 9001-2008 സർട്ടിഫിക്കേഷന് ആവശ്യമായ ഇംപ്ലിമെന്റേഷൻ & കൺസൾട്ടൻസി ചാർജ്ജ് ഇനത്തിൽ TFM Solutions, എറണാകുളം എന്ന സ്ഥാപനത്തിന് 59440 രൂപയും Tata Projects, ഹൈദരാബാദിന് Quality Service ന് 39326 രൂപയും ഉൾപ്പെടെ 2015-16 വർഷത്തിൽ 98766 രൂപ പ്രൊ.നം. 91/16 പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

13-6-2015മുതൽ 12-6-2018 വരെയാണ് സർട്ടിഫിക്കറ്റിന്റെ കാലാവധി.


ലോകബാങ്ക് ധനസഹായം വിനിയോഗിച്ച് 2014-15വർഷത്തിൽ നിർമ്മാണം പൂർത്തീകരിച്ച ഗ്രാമപഞ്ചായത്തിന്റെ പുതിയ കെട്ടിടത്തിൽ ആധുനിക സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. ഏൽ.സി.ഡി ഡിസ്പ്ലേ, ടച്ച് സ്ക്രീൻ കിയോസ്ക്, ടോക്കൺ ക്യൂ സിസ്റ്റം, സി.സി ടി.വി, ഫയർ എക്സ്റ്റിൻഗ്വിഷർ തുടങ്ങിയ സംവിധാനങ്ങൾ ഗ്രാമപഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രൊ. നം. 95/16 പ്രകാരം 335093 രൂപ ചെലവഴിച്ച് 2015-16 വർഷത്തിൽ മാതൃകാപരമായി ഒരു റെക്കോർഡ് റൂം സജ്ജീകരിച്ചിട്ടുണ്ട്. പ്രൊ. നം. 87/16 പ്രകാരം 580750 രൂപ ചെലവഴിച്ച് ഗ്രാമപഞ്ചായത്തിൽ ഒരു സോളാർ പവർ പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്. പഞ്ചായത്തിലെ എല്ലാ ലാമ്പുകളും, ഫാനുകളും, കമ്പ്യൂട്ടറുകളും നിലവിൽ സൗരോർജ്ജത്തിലാണ് പ്രവർത്തിക്കുന്നത്.

ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനം ജനകേന്ദ്രീകൃതമാക്കുന്നതിനും സേവനങ്ങൾ സമയബന്ധിതമാക്കുന്നതിനും ഓഫീസ് സംവിധാനങ്ങൾ കാര്യക്ഷമമാക്കു ന്നതിനും സർട്ടിഫിക്കേഷനിലൂടെ ഒരു പരിധിവരെ സാധ്യമായിട്ടുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പൊതുജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമാകുന്നതിനുള്ള വിവരങ്ങളുടെ ഡാറ്റാ എൻട്രി സമയബന്ധിതമായി നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. അനുബന്ധ സ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ കൂടി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. സർട്ടിഫിക്കേഷന്റെ ഭാഗമായുള്ള തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിനും തുടർച്ചയായ മെച്ചപ്പെടുത്തൽ നടത്തുന്നതിനും ഓരോ വർഷവും സർവൈലൻസ് ഓഡിറ്റ് നടത്തി ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനും ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.


<u>പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റേയും അനുബന്ധ സൗകര്യങ്ങളുടേയും ദൃശ്യങ്ങൾ</u>



ഓഫീസ് കെട്ടിടം



ഓഫീസ്







ഫ്രണ്ട് ഓഫീസ്




ടച്ച് സ്ക്രീൻ കിയോസ്ക്



റെക്കോർഡ് റൂം





ഓഫീസ് മുറിയുടെ സിസി ടിവി ദൃശ്യം

## 3-2 പഞ്ചായത്ത് ഓഫീസ് ബിൽഡിംഗിൽ സോളാർ പ്ലാന്റ് സ്ഥാപിക്കൽ പദ്ധതി- അവലോകനം

പ്രൊ.നം. 22/15 (87/16)

അടങ്കൽ - 655188 (വികസനഫണ്ട്-ജനറൽ)

ചെലവ് – 616750 (2014-15 – 36000 – കൺസൾട്ടൻസി ഫീ+ 2015-16 - 580750- പ്ലാന്റിന്റെ ചാർജ്ജ്)

1. ബിൽ നം. 483/27-12-14 – 36000 രൂപ
2. ബിൽ നം. 25/27-10-2015 – 580750 രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിനു മുകളിൽ 4 കിലോ വാട്ടിന്റെ സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 2014-15 വർഷത്തിൽ ഗ്രാമപഞ്ചായത്ത് ലക്ഷ്യമിടുകയും അനർട്ടിന്റെ കൺസൾട്ടൻസിയിലും, മേൽനോട്ടത്തിലും പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

2014-15 വർഷത്തിൽ 36000 രൂപ അനർട്ടിന് കൺസൾട്ടൻസി ചാർജ്ജായി നൽകിയിട്ടുണ്ട്. പദ്ധതിയുടെ സാങ്കേതിക രേഖകൾ അനർട്ട് തയ്യാറാക്കി നൽകിയതിനെ തുടർന്ന് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സ്ഥാപനങ്ങളെ നിശ്ചയിക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുകയും ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. അനർട്ടിന്റെ സാങ്കേതിക പരിശോധനക്കായി ടെണ്ടറുകൾ അയച്ചുകൊടുക്കുകയും ലഭ്യമായ 5 ടെണ്ടറുകളിൽ അംഗീകാരയോഗ്യമെന്ന് അനർട്ട് സാക്ഷ്യപ്പെടുത്തിയ 3 ടെണ്ടറുകളിൽ *ഇഗാ ടെക് ഇൻഡസ്ട്രിയൽ ഇലക്ട്രോണിക് പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചിൻ* എന്ന സ്ഥാപനത്തിൻറെ ടെണ്ടർ പഞ്ചായത്തിന്റെ 7-4-2015 ലെ തീരുമാനം നം. 2(1) പ്രകാരം അംഗീകരിക്കുകയും ചെയ്തു. അനർട്ടിന്റെ മേൽനോട്ടത്തിൽ പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ ഗ്രാമപഞ്ചായത്ത് ഓഫീസിലെ എല്ലാ

ലാമ്പുകളും ഫാനുകളും കമ്പ്യൂട്ടറുകളും സൌരോർജ്ജം ഉപയോഗിച്ചാണ് പ്രവർത്തിക്കുന്നത്. ഇതുമൂലം വൈദ്യുതി ചാർജ്ജിൽ കുറവുണ്ടാവുകയും ചെയ്തിട്ടുണ്ട്.

പദ്ധതിനടത്തിപ്പ് രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. പാരമ്പര്യേതര ഊർജ്ജം ഉപയോഗപ്പെടുത്തുന്ന ഗ്രാമപഞ്ചായത്തിന്റെ നടപടി മാതൃകാപരമാണ്.

2. സ.ഉ(ആർ.ടി)നം. 54/2014/ഊ.വ തിയതി 17-02-2014 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സൌരോർജ്ജ പവർ പ്ലാൻറുകൾ സ്ഥാപിക്കുമ്പോൾ അനർട്ടിന്റേയും എം.എൻ.ആർ.ഇയുടേയും സ്പെസിഫിക്കേഷൻ പ്രകാരമേ ആയവ സ്ഥാപിക്കുവാൻ പാടുള്ളൂവെന്നും ടെക്നിക്കൽ സ്പെസിഫിക്കേഷൻ ഇല്ലാതെ സൌരോർജ്ജ പ്ലാൻറുകൾ സ്ഥാപിക്കുന്നതിന് ടെണ്ടർ വിളിക്കുവാൻ പാടില്ല എന്നുമുള്ള നിബന്ധനകൾ പാലിച്ചാണ് പ്ലാന്റ് സ്ഥാപിച്ചിട്ടുള്ളത്.

3. സ.ഉ(ആർ.ടി)നം. 805/2014/ത.സ്വ.ഭ.വ തിയതി 19-3-2014, സ.ഉ(സാധാ)നം.1384/2014/ത.സ്വ.ഭ.വ തിയതി 3-6-2014 എന്നിവ പ്രകാരം സൗരോർജ്ജ പ്ലാൻറുകൾ സ്ഥാപിക്കുവാൻ സർക്കാർ അംഗീകരിച്ചിട്ടുള്ള ഏജൻസികളായ സി-ഡിറ്റ്, കെൽട്രോൺ, കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽസ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളുടെ സേവനം പരിഗണിക്കാതിരുന്നതിന്റെ കാരണം ഗ്രാമപഞ്ചായത്ത് വ്യക്തമാക്കിയിട്ടില്ല.

4. ടെണ്ടർ നിബന്ധന പ്രകാരം നിർവ്വഹണ ഏജൻസിക്ക് ആദ്യ ഘട്ടത്തിൽ നൽകേണ്ടത് 90% തുകയാണ് (522675). 5% തുക (29037.50) ഒരു വർഷത്തിനു ശേഷവും ബാക്കി 5% (29037.50) തുക വാറണ്ടി കാലാവധിയായ 5 വർഷം കഴിഞ്ഞും നൽകിയാൽ മതി. എന്നാൽ ടെണ്ടർ തുകയായ 580750 രൂപ പൂർണ്ണമായും സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പെർഫോമൻസ് സെക്യൂരിറ്റിയായി 58075 രൂപ ഡെപ്പോസിറ്റായി സ്വീകരിച്ചിട്ടുണ്ട്.

5. അനർട്ടിന്റെ ഉപരിപത്രം നം.35/ STV/TO/2013/ANERT തിയതി 12-12-2013 പ്രകാരം എം.എൻ.ആർ.ഇ ബെഞ്ച് മാർക്ക് 30% സബ്സിഡി ലഭിക്കുന്നതിനുള്ള നടപടി അനർട്ട് ഹെഡ് ക്വാർട്ടേഴ്സ് സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

6. ടെണ്ടർ നിബന്ധനയിലെ ക്രമ നം. 11.13 പ്രകാരം കരാറുകാരൻ നേരിട്ട് എം.എൻ.ആർ.ഇ സബ്സിഡിക്കായി അപേക്ഷിക്കരുതെന്നും അനർട്ട് നേരിട്ട് സബ്സിഡി ലഭ്യമാക്കി സ്ഥാപനത്തിന് നൽകുമെന്നും സ്ഥാപനമോ കരാറുകാരനോ എം.എൻ.ആർ.ഇ യിൽ നിന്നും സബ്സിഡി ആവശ്യപ്പെടുകയില്ല എന്ന് ഉറപ്പ് വാങ്ങേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

7. സ്ഥാപനവുമായി ഒപ്പുവെച്ച എഗ്രിമെന്റിൽ രേഖപ്പെടുത്തലുകൾ അപൂർണ്ണമായാണ്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. ടെണ്ടർ നിബന്ധനകളനുസരിച്ചുള്ള വാറണ്ടി ഉറപ്പാക്കേണ്ടതും പ്ലാന്റിന്റെ തുടർ സംരക്ഷണവും ഉറപ്പാക്കേണ്ടതുമാണ്.

2. ഫയലും, വാറണ്ടി രേഖകളും കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്. രേഖകളുടെ സൂക്ഷിപ്പും പ്ലാൻറിന്റെ മേൽനോട്ട ചുമതലയും ഒരു ഉദ്യോഗസ്ഥനെ ഓഫീസ് ഉത്തരവ് പ്രകാരം ഏൽപ്പിക്കാവുന്നതാണ്.

3. പെർഫോമൻസ് സെക്യൂരിറ്റിയായി ഈടാക്കി ഡെപ്പോസിറ്റ് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള 58075 രൂപ തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതും എഗ്രിമെന്റ് പ്രകാരമുള്ള കാലയളവിൽ തുക തിരികെ നൽകേണ്ടതുമാണ്.

4. എം.എൻ.ആർ.ഇ യിൽ നിന്നുള്ള 30% സബ്സിഡി(177225 രൂപ) അനർട്ട് മുഖേന ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

5. എഗ്രിമെന്റ് വ്യവസ്ഥകൾ പൂർത്തീകരിച്ച് എഗ്രിമെന്റ് കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്.

6. ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.



കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിലെ സോളാർ പ്ലാന്റ്





# 3-3 ഗ്രാമപഞ്ചായത്തിലെ കുടിവെള്ള വിതരണ സംവിധാനം വിലയിരുത്തൽ

ഗ്രാമപഞ്ചായത്തിന്റെ കുടിവെള്ള വിതരണ സംവിധാനം മൂന്ന വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്.

1. ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള 29കുടിവെള്ള പദ്ധതികൾ

2.ഗുണഭോക്തൃ സമിതിയുടെ നിയന്ത്രണത്തിലുള്ള 7കുടിവെള്ള പദ്ധതികൾ

3. ജല അതോറിറ്റിയുടെ കീഴിലുള്ള 61 പൊതു കുടിവെള്ള ടാപ്പുകൾ

മേൽ സംവിധാനങ്ങളുടെ നടത്തിപ്പിനായി ഗ്രാമപഞ്ചായത്ത് വൻതുക ഓരോ വർഷവും ചെലവഴിക്കുന്നുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള 29 കുടിവെള്ള പദ്ധതികൾ

ഗ്രാമപഞ്ചായത്ത് പരിപാലിക്കുന്ന ഈ കുടിവെള്ള പദ്ധതികളുടെ കീഴിൽ 2201 ഗാർഹിക കണക്ഷനുകളും 10 ഗാർഹികേതര കണക്ഷനുകളും നിലവിലുണ്ട്. ഗാർഹിക ഉപഭോക്താക്കളിൽ നിന്നും 100 രൂപയും മറ്റുള്ളവരിൽ നിന്നും 200 രൂപയുമാണ് വെള്ളക്കരമായി പ്രതിമാസം ഈടാക്കുന്നത്. 5 പമ്പ് ഓപ്പറേറ്റർമാരെ ഗ്രാമപഞ്ചായത്ത് നിയമിച്ചിട്ടുണ്ട്. വൈദ്യുതി ചാർജ്ജ്, റിപ്പയർ ചാർജ്ജ്, വേതനം ഇനങ്ങളിൽ വൻ ചെലവ് വരുന്നുണ്ട്. വാട്ടർ അതോറിറ്റിയിൽ നിന്നും പമ്പ് ചെയ്യുന്ന കുടിവെള്ളത്തിന്റെ കണക്ക് രേഖപ്പെടുത്തുന്നതിനായി 4 ബൾക്ക് മീറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. മീറ്റർ റീഡിംഗിനനുസരിച്ച് വാട്ടർ അതോറിറ്റിയിൽ വെള്ളക്കരം ഒടുക്കിവരുന്നുണ്ട്. 2015-16 വർഷത്തിൽ 1276450 രൂപ ഈ ഇനത്തിൽ അടവാക്കിയിട്ടുണ്ട്.

ഡിമാന്റ് രജിസ്റ്റർ പ്രകാരം 2015-16 വർഷത്തെ വെള്ളക്കരം വരവ് 1844888 രൂപയാണ്. തൻവർഷത്തെ കുടിശ്ശിക 763912 രൂപയും മുൻവർഷങ്ങളിലെ കുടിശ്ശികയായ 889310രൂപയും ഉൾപ്പെടെ ആകെ 1653222 രൂപ കുടിശ്ശിക പിരിച്ചെടുക്കുവാനുണ്ട്. കുടിശ്ശിക പിരിച്ചെടുക്കുവാനുള്ള ശ്രമം നടത്തിയിട്ടില്ല.

കുടിവെള്ള പദ്ധതികളുടെ പരിപാലനച്ചെലവ്

2015-16 വർഷത്തിൽ കുടിവെള്ള പദ്ധതികളുടെ പരിപാലനത്തിനായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ബൾക്ക് മീറ്റർ റീഡിംഗ് അനുസരിച്ചുള്ള തുക | 1276450 |

| | |
|---|---|
| വൈദ്യുതി ചാർജ്ജ് | 1674662 |
| പമ്പ് ഓപ്പറേറ്ററുടെ വേതനം | 496620 |
| അറ്റകുറ്റപണികൾക്കായുള്ള ചെലവ് | 727428 |
| ആകെ | 4175160 |

2015-16 വർഷത്തെ വെള്ളക്കരം വരവ് 18.44 ലക്ഷം രൂപയും ചെലവ് 41.75 ലക്ഷം രൂപയുമാണ്. വരവ് ചെലവുകൾ തമ്മിലുള്ള ഭീമമായ അന്തരം ക്രമീകരിക്കേണ്ടതും ഉടൻ തന്നെ കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറേണ്ടതാണ്.

2. ജല അതോറിറ്റിയുടെ പൊതുടാപ്പുകൾ

ജല അതോറിറ്റിയുടെ കീഴിലുള്ള 61പൊതു ടാപ്പുകൾക്കായി പ്രതിമാസം 20000ത്തിൽ താഴെ രൂപ ഗ്രാമപഞ്ചായത്ത് ഒടുക്കിവരുന്നുണ്ട്. ഈ ഇനത്തിലെ പ്രതിവർഷ ചെലവ് 220530 രൂപയാണ്. ജല അതോറിറ്റി അധികൃതരുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകളുടെ കൃത്യത ഉറപ്പുവരുത്തിയിട്ടില്ല. ആയതിനാൽ വെള്ളം ലഭിക്കാത്ത ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കേണ്ടിവരുന്ന സ്ഥിതിയാണുള്ളത്.

വെള്ളക്കരം ഇനത്തിലെ വരവ് കുറവും പ്രവർത്തനച്ചെലവ് വളരെ കൂടുതലുമാണെന്ന് മേൽകണക്കുകളിൽനിന്ന് വ്യക്തമാണ്. ഇത് പഞ്ചായത്തിന്റെ ധനസ്ഥിതിയെ കാര്യമായി ബാധിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ആവർത്തനച്ചലവുകൾ കുറയ്ക്കുന്നതിനുള്ള ശ്രമം നടത്തേണ്ടത് അനിവാര്യമാണ്. ആയതിനാൽ താഴെ പറയും പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് - സംരക്ഷണ ചുമതല ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കേണ്ടതാണെന്ന സ.ഉ(സാ)നം. 1275/2009/ത.സ്വ.ഭ.വ തിയതി 30-5-2009 ലെ നിർദ്ദേശം പാലിക്കേണ്ടതാണ്.

2. ജല അതോറിറ്റിയുടെ കീഴിലുള്ള പൊതുടാപ്പുകളുടെ കൃത്യത ഉറപ്പാക്കുന്നതിനായി സംയുക്തപരിശോധന നടത്തി കൃത്യമായ കണക്കിന്റെ അടിസ്ഥാനത്തൽ മാത്രം വെള്ളക്കരം ഒടുക്കേണ്ടതാണ്.

3. പൊതുടാപ്പുകളുള്ള കുടിവെള്ള പദ്ധതികളേക്കാൾ സബ്സിഡി നിബന്ധനകൾക്ക് വിധേയമായി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾക്ക് (ജലനിധി മാതൃക) മുൻഗണന നൽകേണ്ടതാണെന്ന് പദ്ധതി മാർഗ്ഗരേഖകളിൽ നിർദ്ദേശിച്ചിട്ടും

അത്തരം പദ്ധതികൾ ഒന്നും ഏറ്റെടുത്തിട്ടില്ല. 2016-17 വർഷത്തേക്കുള്ള പുതുക്കിയ മാർഗ്ഗരേഖ സ.ഉ(എം.എസ്)നം. 4/2016/ത.സ്വ.ഭ.വ തിയതി 11-1-2016 ലെ ഖണ്ഡിക 11.8 ൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. മാർഗ്ഗരേഖ അനുസരിച്ചുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

4. ഗാർഹിക കണക്ഷനുകൾ നൽകുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കുമ്പോൾ ഒരു പ്രദേശത്തെ എല്ലാവർക്കും കുടിവെള്ളം ലഭ്യമായെന്ന് ഉറപ്പാക്കിയതിനുശേഷം പൊതുടാപ്പുകൾ നിർത്തലാക്കേണ്ടതാണ്.

5. വെള്ളക്കരം കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കേണ്ടതാണ്. കുടിശ്ശിക വരുത്തിയവർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ വിഷയം ചർച്ചചെയ്ത് ഉചിതമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-4 തെരുവ് വിളക്കുകൾക്ക് മീറ്റർ റീഡിംഗ് സംവിധാനം ഏർപ്പെടുത്തിയ നടപടി അഭിനന്ദനാർഹം

12/2015 വരെ തെരുവുവിളക്കുകളുടെ പ്രതിമാസ വൈദ്യുതി ചാർജ്ജ് 140653/- ആയിരുന്നു. നിലവില്ലാത്ത സാധാരണ ലാമ്പുകൾക്ക് വൈദ്യുതി ബോർഡ് വൈദ്യുതി ചാർജ്ജ് ഒടുക്കിയിരുന്നു. 1/2016 മുതൽ ഭൂരിഭാഗം ലാമ്പുകൾക്കും മീറ്റർ റീഡിംഗ് സംവിധാനം ഏർപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി ചാർജ്ജിനത്തിൽ ഗണ്യമായ കുറവ് വരുത്തുവാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചത് അഭിനന്ദനാർഹമാണ്. നിലവിലെ ശരാശരി പ്രതിമാസ വൈദ്യിതി ചാർജ്ജ് 90000 രൂപയായി കുറഞ്ഞിട്ടുണ്ട്. എല്ലാ ലാമ്പുകളേയും മീറ്ററിനു കീഴിൽ കൊണ്ടുവരുന്നതിനുള്ള ശ്രമം നടത്തേണ്ടതാണ്.

# 3-5 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിൽ അപാകതകൾ

പ്രൊജക്റ്റ് – 65/16-കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ

അടങ്കൽ - 438500 രൂപ (കെ.എൽ.ജി.എസ്.ഡി.പി)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ചെലവ് - 437435

ബിൽ നം. 19/17-9-2015

കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുവാൻ ലോകബാങ്ക് വിഹിതം വകയിരുത്തി ആവിഷ്കരിച്ച പ്രൊജക്റ്റ് പ്രകാരം ടെണ്ടർ ക്ഷണിക്കുകയും വിവിധ ഉപകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. 3 കമ്പ്യൂട്ടറുകൾ, 1 ടച്ച് സ്ക്രീൻ കിയോസ്ക്,, 3 ലേസർ പ്രിന്ററുകൾ, 5000 KVA യുടെ യുപിഎസ്, ബാറ്ററികൾ എന്നിവയാണ് വിവിധ സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയിട്ടുള്ളത്. കമ്പ്യൂട്ടറുകളും, കിയോസ്കും വാങ്ങുവാനെടുത്ത തീരുമാനത്തിൽ അപാകത ഉണ്ടായിട്ടുള്ളതായി രേഖകളുടെ പരിശോധനയിൽ കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. കമ്പ്യൂട്ടർ വാങ്ങൽ

Intel Core i3, 4GB RAM, 500 GB HDD, വിൻഡോസ് 7 സ്പെസിഫിക്കേഷൻ ഉള്ള കമ്പ്യൂട്ടറിന് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തിരുന്നത് ജെ.ഐ.ടി കഞ്ചിക്കോട് എന്ന സ്ഥാപനമാണ്. സ്ഥാപനം ക്വോട്ട് ചെയ്തിരുന്നത് 41875 രൂപ ആയിരുന്നുവെങ്കിലും ഇതേ സ്പെസിഫിക്കേഷനിലുള്ള കമ്പ്യൂട്ടറിന് 42690 രൂപ ക്വോട്ട് ചെയ്ത അക്ഷര എന്റർപ്രൈസസ്, പാലക്കാട് എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്.

4-7-2015 ലെ ഭരണസമിതി തീരുമാനം നം. 4(3) പ്രകാരം കമ്പ്യൂട്ടറിന് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ജെ.ഐ.ടി എന്ന സ്ഥാപനത്തിന്റെ മോഡൽ 'എച്ച്.പി' ആയതിനാലും നിലവിൽ പഞ്ചായത്തിലെ കമ്പ്യൂട്ടറുകൾ 'ഏസർ' ആയതിനാലും ജെ.ഐ.ടി കഞ്ചിക്കോടിന്റെ ടെണ്ടർ നിരസിക്കുകയും അക്ഷര എന്റർപ്രൈസസിന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. ഈ തീരുമാനം പ്രൊക്യൂർമെന്റ് മാനദണ്ഡങ്ങളുടെ ലംഘനമാണ്.

വാങ്ങലിന്റെ വിശദാംശങ്ങൾ

| സ്ഥാപനം | ക്വോട്ട് ചെയ്ത നിരക്ക്/ എണ്ണം |
|---|---|
| അക്ഷര എന്റർപ്രൈസസ് | 42690 |
| ജെ.ഐ.ടി | 41875 |
| അധിക നിരക്ക് | 815 |
| എണ്ണം | 3 |
| ആധികച്ചെലവ് | 2445 |

2. ടച്ച് സ്ക്രീൻ കിയോസ്ക്

19” LCD display, i3 processor, 2GB RAM, Antivirus with 1 year licence, Windows 8, Standing type എന്ന സ്പെസിഫിക്കേഷനിലുള്ള ടച്ച് സ്ക്രീൻ കിയോസ്കിന് കുറഞ്ഞ നിരക്ക്

ക്വോട്ട് ചെയ്തിരുന്നത് എ ഡോട്ട്, തൃശ്ശൂർ എന്ന സ്ഥാപനമാണ്. സ്ഥാപനം ക്വോട്ട് ചെയ്തിരുന്നത് 117990 രൂപ ആയിരുന്നുവെങ്കിലും ഇതേ സ്പെസിഫിക്കേഷനിലുള്ള കിയോസ്കിന് 127490 രൂപ ക്വോട്ട് ചെയ്ത അക്ഷര എന്റർപ്രൈസസ്, പാലക്കാട് എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്.

4-7-2015 ലെ ഭരണസമിതി തീരുമാനം നം. 4(3) പ്രകാരം കമ്പ്യൂട്ടറിന് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത എ ഡോട്ട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരമല്ല എന്നും 'Essae' എന്ന ബ്രാന്റ് നിലവാരം കുറഞ്ഞതാണെന്നും തൃശ്ശൂരിൽ ഓഫീസ് ആയതിനാൽ സേവനത്തിന് കാലതാമസം നേരിടുമെന്നും വിലയിരുത്തുകയും നിലവാരം പുലർത്തുന്ന Agmatel ബ്രാന്റും പാലക്കാട് ഓഫീസ് ഉള്ള അക്ഷര എന്റർപ്രൈസസിന്റെ ടെണ്ടർ സ്വീകരിച്ചിട്ടുണ്ട്.

എ ഡോട്ടിന്റെ ടെണ്ടർ സ്പെസിഫിക്കേഷൻ അനുസരിച്ചല്ല എന്ന് സൂചിപ്പിച്ചിട്ടുണ്ടെങ്കിലും വിശദാംശങ്ങൾ വ്യക്തമാക്കിയിട്ടില്ല. ഓഡിറ്റ് നടത്തിയ പരിശോധനയിൽ എ ഡോട്ടിന്റെ ടെണ്ടർ സ്പെസിഫിക്കേഷനിൽ വ്യത്യാസമൊന്നും കണ്ടെത്തുവാൻ സാധിച്ചില്ല.

G.O.(P)259/2010/LSGD തിയതി 8-11-2010 പ്രകാരം പുറപ്പെടുവിച്ച പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിൽ സാമഗ്രികളുടെ സ്പെസിഫിക്കേഷൻ അനുസരിച്ചായിരിക്കണം വാങ്ങലുകൾ നടത്തേണ്ടതെന്നും ബ്രാൻഡ് നെയിം ഉപയോഗിക്കരുതെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ടെണ്ടറിനു ശേഷം ബ്രാൻഡ് അടിസ്ഥാനമാക്കി കുറഞ്ഞ ടെണ്ടർ ക്വോട്ട് ചെയ്ത സ്ഥാപനങ്ങളെ ഒഴിവാക്കിയ നടപടി ക്രമപ്രകാരമല്ല.

<u>വാങ്ങലിന്റെ വിശദാംശങ്ങൾ</u>

| സ്ഥാപനം | ക്വോട്ട് ചെയ്ത നിരക്ക്/ എണ്ണം |
|---|---|
| അക്ഷര എന്റർപ്രൈസസ് | 127490 |
| എ ഡോട്ട് | 117990 |
| അധിക നിരക്ക് | 9500 |
| എണ്ണം | 1 |
| അധികച്ചെലവ് | 9500 |

കമ്പ്യൂട്ടറുകൾക്ക് അധികം ചെലവായ 2445 രൂപയും ടച്ച് സ്ക്രീൻ കിയോസ്കിന് അധികം ചെലവായ 9500 രൂപയും ഓഡിറ്റിൽ നിരാകരിക്കുന്നു.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. കമ്പ്യൂട്ടറുകൾക്കും കിയോസ്കിനും അധികം ചെലവഴിച്ച 11945 രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

2. കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ എന്നിവയ്ക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ നിശ്ചിത മാതൃകയിൽ സൂക്ഷിക്കേണ്ടതാണെന്ന സർക്കുലർ നം. 86/10/ഫിൻ തിയതി 24-9-2010 ലെ നിർദ്ദേശം പാലിക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം. 13/25-11-2016 നുള്ള മറുപടിയിൽ പഞ്ചായത്ത് ഓഫീസിന്റെ പ്രവർത്തനം ആകർഷകമാക്കുവാനും കാര്യക്ഷമമാക്കുവാനുമാണ് ഏസർ കമ്പ്യൂട്ടറുകൾ വാങ്ങുവാൻ ഭരണസമിതി തീരുമാനമെടുത്തതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ടെണ്ടർനടപടിക്രമങ്ങൾ അപ്രസക്തമാക്കുന്ന തീരുമാനം അംഗീകരിക്കുന്നില്ല.

ടച്ച് സ്ക്രീൻ കിയോസ്കിന്റെ ഫോട്ടോകൾ പരിശോധിച്ചിരുന്നതായും കൂടുതൽ വലിപ്പമുള്ളതും ആകർഷകവുമായതുമാണ് തെരഞ്ഞെടുത്തതെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എ ഡോട്ട് എന്ന സ്ഥാപനത്തിന്റെ Essae ടച്ച് സ്ക്രീൻ സ്ഥാപിച്ച മറ്റ് പഞ്ചായത്തുകളിൽ പ്രവർത്തനം കാര്യക്ഷമമല്ലെന്ന് വിളിച്ച ചോദിച്ച് ബോധ്യപ്പെട്ടിരുന്നുവെന്നും വ്യക്തമാക്കിയിട്ടുണ്ട്. ടെണ്ടർ സ്പെസിഫിക്കേഷനിൽ സൂചിപ്പിക്കാത്ത നിബന്ധനകൾ പ്രകാരം കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റെ ടെണ്ടർ ഒഴിവാക്കിയ നടപടി സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങളുടെ ലംഘനമായതിനാൽ മറുപടി അംഗീകരിക്കുന്നില്ല.

# 3-6 ആവശ്യകത വിലയിരുത്താതെ എയർ കണ്ടീഷണറുകൾ വാങ്ങിയ നടപടി ക്രമപ്രകാരമല്ല

*പ്രൊജക്റ്റ് - 34/15 -പഞ്ചായത്ത് ഓഫീസിലേക്ക് ഫർണീച്ചർ, സർവർ റൂമിലേക്ക് ഏ.സി*

അടങ്കൽ - 406154 രൂപ (കെ.എൽ.ജി.എസ്.ഡി.പി)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ചെലവ് - 372527

ബിൽ നം. 23/19-10-2015

ഡി.ഡി. നം. 152137/28-10-2015

പഞ്ചായത്ത് ഓഫീസിലേക്ക് ഫർണീച്ചറുകളും സർവർ റൂമിലേക്ക് ഏ.സിയും വാങ്ങുവാൻ ആവിഷ്കരിച്ച പ്രൊജക്റ്റ് പ്രകാരം 16 ഇനങ്ങളുടെ പട്ടിക തയ്യാറാക്കുകയും ടെണ്ടർ വിളിക്കുകയും ചെയ്തു. 29-6-2015 ന് നടന്ന ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങളിൽ നിന്നും ഭഗവതി ട്രേഡേഴ്സ്, കൊഴിഞ്ഞാമ്പാറ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും 14 ഇനം ഫർണീച്ചറുകളും 2 ഇനം എയർ കണ്ടീഷണറുകളും വാങ്ങുകയും ചെയ്തു. ലഭ്യമായ എയർ കണ്ടീഷണറുകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| 1 | ഒരു ടൺ സ്പ്ലിറ്റ് ഏ.സി | 1 | 37966 | 37966 |
| 2 | 2 ടൺ സ്പ്ലിറ്റ് ഏ.സി | 3 | 49000 | 147000 |
| ആകെ | | 4 | | 184966 |

രേഖകകളുടെ പരിശോധനയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ടെണ്ടർ സ്പെസിഫിക്കേഷനിൽ ഫർണീച്ചറുകൾക്കൊപ്പം ക്രമ നം. 9, 10 ആയിട്ടാണ് ടെണ്ടർ ക്ഷണിച്ചിരിക്കുന്നത്. ഒരേ തരത്തിലുള്ള ഇനങ്ങൾ ഒരുമിച്ച് ചേർത്താണ് ടെണ്ടർ വിളിക്കേണ്ടിയിരുന്നത്. ഫർണീച്ചറുകൾക്കൊപ്പം എയർ കണ്ടീഷണറുകളും ഉൾപ്പെടുത്തി ഒരു ടെണ്ടർ വിളിച്ച നടപടി ക്രമപ്രകാരമല്ല.

സർവർ റൂമിന് ആവശ്യമായ ഏ.സിയുടെ കപ്പാസിറ്റി കണക്കാക്കേണ്ടിയിരുന്നത് പൊതുമരാമത്ത് വകുപ്പിലെ ഇലക്ട്രിക്കൽ എഞ്ചിനിയറുടെ പരിശോധനയുടെ അടിസ്ഥാനത്തിലാണ്. അത്തരം പരിശോധന നടത്തിയതിന് രേഖകളില്ല.

വാങ്ങിയ എയർ കണ്ടീഷണറുകളിൽ 1 ടണ്ണിന്റെ ഏ.സി മാത്രമാണ് സർവർ റൂമിൽ മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത്. 2 ടണ്ണിന്റെ 3 ഏ.സി കൾ ആവശ്യകത വിലയിരുത്താതെയാണ് വാങ്ങിയിട്ടുള്ളത്. സർവർ റൂമിന് ഒരു ഏ.സി മതി എന്നതിനാൽ ബാക്കിയുള്ള 3 എണ്ണം (2 ടൺ) പഞ്ചായത്ത് ബോർഡ് ഹാളിൽ സ്ഥാപിക്കുവാൻ 16-7-2015 ലെ തീരുമാനം നം. 2(9) പ്രകാരം പഞ്ചായത്ത് തീരുമാനമെടുക്കുകയും 3 ഏ.സി കളും പഞ്ചായത്ത് ബോർഡ് ഹാളിൽ സ്ഥാപിക്കുകയും ചെയ്തു. പ്രാദേശിക പരിശോധനയിൽ ഇക്കാര്യം ബോധ്യപ്പെട്ടിട്ടുണ്ട്. സർവർ റൂമിലേക്ക് എയർ കണ്ടീഷണറുകൾ വാങ്ങുന്നതിനുമുമ്പായി ആവശ്യകത വിലയിരുത്തിയിട്ടില്ല എന്ന് ഈ തീരുമാനത്തിൽ നിന്നും വ്യക്തമാണ്.

മീറ്റിംഗ് ഹാളിൽ 6 ടണ്ണിന്റെ ഏ.സികൾ പ്രവർത്തിപ്പിക്കുവാൻ സൗരോർജ്ജം ഉപയോഗപ്പെടുത്തുവാൻ സാധിക്കുകയില്ല എന്നതിനാൽ കെ.എസ്.ഇ.ബിയിൽ നിന്നുള്ള വൈദ്യുതി ഉപയോഗപ്പെടുത്തിയാൽ ഗ്രാമപഞ്ചായത്തിന് അധിക ബാധ്യതയുണ്ടാകും എന്ന് വിലയിരുത്തുന്നു.

ആവശ്യകത വിലയിരുത്താതെ അധികമായി വാങ്ങിയ 2 ടണ്ണിന്റെ 3 എയർ കണ്ടീഷണറുകളുടെ വിലയായ 147000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ വിഷയത്തിൽ ഉചിതമായ പരിഹാരനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

സ.ഉ(ആർ.ടി)നം.2487/2016/എൽ.എസ്.ജി.ഡി തിയതി 20-8-2016 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാങ്ങലുകൾക്കായി പുതിയ മാന്വൽ അംഗീകരിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ തുടർന്നുള്ള വാങ്ങലുകൾ മാന്വലിലെ വ്യവസ്ഥകൾക്ക് അനുസരിച്ചായിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം.15/25-11-2016 നുള്ള മറുപടിയിൽ ബാറ്ററികൾക്കും സർവ്വറിനും ചേർന്നുള്ള വിസ്തീർണ്ണം കണക്കാക്കി പുതിയ പഞ്ചായത്ത് കെട്ടിടത്തിന്റെ വയറിംഗിനും സൂപ്പർവിഷനും മെഷർമെന്റിനുമായി എത്തിയ പി.ഡബ്ള്യൂ.ഡി ഇലക്ട്രിക് വിഭാഗം അസി. എഞ്ചിനിയറുടെ നിർദ്ദേശ പ്രകാരമാണ് എയർ കണ്ടീഷണറുകൾ വാങ്ങിയതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പി.ഡബ്ള്യൂ.ഡി ഇലക്ട്രിക് വിഭാത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി വാങ്ങുകയും ആയതിനനുസരിച്ചാണ് വാങ്ങൽ നടത്തിയതെന്നും തെളിയിക്കുന്ന രേഖകളില്ല. ലോകബാങ്ക് സഹായത്തിൽ നിന്നും തുക വകയിരുത്തി പ്രൊജക്റ്റ് ആവിഷ്കരിച്ച് സർവർ റൂമിലേക്ക് വാങ്ങിയ എയർ കണ്ടീഷണറുകൾ മീറ്റിംഗ് ഹാളിൽ ഉപയോഗിക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടത് ക്രമപ്രകാരമല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഏ.സികൾ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് സർക്കാരിൽ നിന്നുള്ള അനുമതി ലഭ്യമാക്കേണ്ടതാണ്.

## 3-7 മീഡിയാശ്രീ പദ്ധതിക്ക് നൽകിയ തുകയുടെ വിനിയോഗ രേഖകൾ ലഭ്യമാക്കേണ്ടതാണ്

പ്രൊ. നം-30/16-മീഡിയാശ്രീ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ചെലവ് - 65000 (വികസന ഫണ്ട്)

ബിൽ നം. 6/15-7-2015

സ.ഉ(സാധാ)നം. 3206/2014/ത.സ്വ.ഭ.വ തിയതി 5-12-2014 പ്രകാരം കുടുംബശ്രീ മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാന പദ്ധതികളുടെ നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിനായി 2014-15 വർഷത്തിൽ തനതുഫണ്ടിൽ നിന്നോ വികസന ഫണ്ടിൽ നിന്നോ 65000 ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സ.ഉ(സാധാ)നം. 482/2015 തിയതി 18-2-2015 പ്രകാരം സൗത്ത് എഷ്യൻ കോളേജ് എന്ന സ്ഥാപനം മുഖേന ഡോക്യുമെന്ററി നിർമ്മിക്കുവാൻ മുൻകൂറായി 30% തുക കുടുംബശ്രീക്ക് നൽകുന്നതിനും ജില്ലാതലത്തിൽ ഡി.ഡി.പി അധ്യക്ഷനായും ഡി.എം.സി അംഗവുമായി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

2014-15 വർഷത്തിൽ തുക അനുവദിക്കുവാനാണ് സർക്കാർ അനുമതിയെങ്കിലും തുക അനുവദിച്ചിട്ടുള്ളത് v2015-16 വർഷത്തിലാണ്.

65000 രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ച് എക്സി.ഡയറക്ടർ, കുടുംബശ്രീ സ്റ്റേറ്റ്

മിഷന്റെ പേരിൽ ഡി.ഡി എടുത്ത് അയച്ചുകൊടുത്തിട്ടുണ്ട്.

(21-07-2015 ലെ ഡി.ഡി നം.150470)
നാളിതുവരെ ഡോക്യുമെന്റേഷൻ നടത്തിയ സി.ഡിയും തുകയുടെ വിനിയോഗ രേഖകളും ഗ്രാമപഞ്ചായത്തിൽ ലഭ്യമായിട്ടില്ല.
ഓഡിറ്റ് അന്വേഷണം നം. 6/23-11-2016 നള്ള മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. രേഖകൾ ലഭ്യമാകുന്നതുവരെ തുക തടസ്സവാദത്തിൽ വെക്കുന്നു.

# 3-8 തെരുവുനായ്ക്കളുടെ വന്ധ്യംകരണത്തിനുള്ള പഞ്ചായത്ത് വിഹിതം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

156/16-എ.ബി.സി പ്രോഗ്രാം
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

അടങ്കൽ - 350000 (വികസനഫണ്ട്)

ചെലവ് - 350000

ബിൽ നം. 26/10-10-2015

മേൽ തുക ഡി.ഡി നം. 1524313/6-11-2015 പ്രകാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. പദ്ധതിപൂർത്തീകരണ രേഖകളും തുകയുടെ വിനിയോഗ രേഖകളും ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

# 3-9 വനിതാ പരിശീലന കേന്ദ്രം നിലവിൽ ഹോമിയോ ആശുപത്രിയായി ഉപയോഗിക്കുന്നു

വനിതാ പരിശീലന കേന്ദ്രം ആരംഭിക്കുവാനായി ലക്ഷ്യമിട്ട് ഗ്രാമപഞ്ചായത്ത് നിർമ്മിച്ച ഉപയോഗരഹിതമായി കിടന്നിരുന്ന കെട്ടിടത്തിന്റെ അറ്റകുറ്റപണികൾക്കായി 2015-16 വർഷത്തിൽ താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

1. 99/16-വനിതാ പരിശീലന കേന്ദ്രം നവീകരണം

അടങ്കൽ - 650000 (എം.ജി-നോൺ റോഡ്)

ചെലവ് - 628757, ബിൽ നം. 85/26-3-2016

2. 136/16- വനിതാ പരിശീലന കേന്ദ്രം നവീകരണം-സൗകര്യം മെച്ചപ്പെടുത്തൽ

അടങ്കൽ - 85000 (എം.ജി-നോൺ റോഡ്)

ചെലവ് - 85000, ബിൽ നം. 1/17-9-2015

വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന ഹോമിയോ ആശുപത്രി ഗ്രാമപഞ്ചായത്തിന്റെ 7-4-2015 ലെ തീരുമാനം നം. 1(4) പ്രകാരം വനിതാ പരിശീലന കേന്ദ്രത്തിലേക്ക് മാറ്റിയിട്ടുണ്ടെന്ന് ഓഡിറ്റ് അന്വേഷണം നം. 4/23-11-2016 നുള്ള മറുപടിയിൽ അസി. എഞ്ചിനിയർ വ്യക്തമാക്കിയിട്ടുണ്ട്. കെട്ടിടത്തിന്റെ ഒരു ഭാഗം വനിതാ തൊഴിൽ സംരംഭം ആരംഭിക്കുന്നതുവരെയോ അല്ലെങ്കിൽ ഹോമിയോ ഡിസ്പെൻസറിക്ക് പുതിയ കെട്ടിടം കണ്ടെത്തുന്നതുവരെയോ തത്കാലത്തേക്കാണ് കെട്ടിടം വിട്ടുനൽകുന്നതെന്ന് തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. കെട്ടിടത്തിന്റെ അറ്റകുറ്റപണികൾ നടത്തി സംരക്ഷിക്കുവാനുള്ള ഗ്രാമപഞ്ചായത്തിന്റെ ശ്രമം സ്വാഗതാർഹമാണെങ്കിലും നാളിതുവരെ കെട്ടിടത്തിൽ വനിതാ സംരംഭങ്ങളൊന്നും ആരംഭിച്ചിട്ടില്ല.
2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 4.1.5 ൽ വനിതാ തൊഴിൽ പരിശീലന കേന്ദ്രം നിഷ്ക്രിയാസ്തിയായി കിടക്കുന്ന എന്ന പരാമർശം ഉൾപ്പെട്ടിട്ടുണ്ട്. വിഷയം നാളിതുവരെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി പരിഗണിച്ചിട്ടില്ല എന്നതിനാൽ ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് ഉചിതമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-10 ഹോമിയോ ഡിസ്പൻസറിയിക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാകുന്നതിലെ കാലതാമസം ഒഴിവാക്കണം

പ്രൊജക്ട് നം. - 38/2016

അടങ്കൽ - 200000 (മെയ്ന്റനൻസ് ഗ്രാന്റ്-റോഡിതരം)

ചെലവ് - 200000

ബിൽ നം. - 1/30-1-2016

ഡി.ഡി നം - 065031/4-2-2016

നിർവ്വഹണ ഉദ്യോഗസ്ഥ-മെഡിക്കൽ ഓഫീസർ(ഹോമിയോ)

2015-16 സാമ്പത്തിക വർഷത്തിൽ ഹോമിയോ ഡിസ്പൻസറിയിലേക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനായി മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്, ആലപ്പുഴയുടെ പേരിൽ 2/2016 ന് 100000/- രൂപയുടെ ഡി.ഡി അയച്ചു നൽകിയിട്ടുണ്ട്. മരുന്നുകൾ നാളിതുവരെ ഡിസ്പെൻസറിയില് ലഭ്യമായിട്ടില്ല എന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചു.
2014-15 സാമ്പത്തിക വർഷത്തെ 50000 രൂപയുള്ള മരുന്നുകൾ 8/2016 നാണ് ലഭ്യമായിട്ടുള്ളത്. മരുന്നുകൾ ലഭ്യമാകുന്നതിൽ ഇപ്രകാരം ലതാമസം നേരിടുന്നത് അഭികാമ്യമല്ല. മരുന്നുകൾ

ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ഭരണസമിതിയുടെ ഇടപെടൽ ആവശ്യപ്പെടുന്നു.
മരുന്നുകൾ ലഭ്യമായ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-11 കുടുംബശ്രീ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള വികസന ഫണ്ട് തിരിച്ചടക്കേണ്ടതാണ്

ജില്ലാ പഞ്ചായത്തിൽനിന്നും ഗ്രാമപഞ്ചായത്തിൽ നിന്നും വിവിധ വർഷങ്ങളിൽ പട്ടികജാതി വിഭാഗക്കാർക്ക് സ്ഥലം വാങ്ങൽ, ഭവന നിർമ്മാണം തുടങ്ങിയ പദ്ധതികളുടെ നടത്തിപ്പിനായി കുടുംബശ്രീ അക്കൗണ്ടിലേക്ക് കൈമാറിയ വികസനഫണ്ടിൽ 1982124 രൂപ നാളിതുവരെ ചെലവഴിച്ചിട്ടില്ലെന്ന് ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

അക്കൗണ്ട് നം. 549143387 – ഇന്ത്യൻ ബാങ്ക്

| ഫണ്ട് | പദ്ധതി | അവശേഷിക്കുന്ന തുക |
|---|---|---|
| ജില്ലാ പഞ്ചായത്ത് | ആശ്രയ പ്ലാൻ ഫണ്ട് | 922124 |
| | റിവോൾവിംഗ് ഫണ്ട് | 290000 |
| | ഭവനശ്രീ ഫണ്ട | 130000 |
| | ബാലസഭ | 100000 |
| ഗ്രാമപഞ്ചായത്ത് | എസ്.സി സ്ഥലം (വനിത) | 80000 |
| | ആശ്രയ വീട് | 300000 |
| | എസ്.സി ഭവനം | 160000 |
| ആകെ | | 1982124 |

ചെലവഴിക്കാതെ അവശേഷിക്കുന്ന വികസന ഫണ്ട് സർക്കാരിലേക്ക് തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സമൂഹത്തിലെ അവശത അനുഭവിക്കുന്ന വിഭാഗക്കാർക്കായി അനുവദിക്കുന്ന വികസനഫണ്ട് ഉചിതമായ പദ്ധതികൾ ആവിഷ്കരിച്ച് സമയബന്ധിതമായി ചെലവഴിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിൽ വീഴ്ചവരുത്തിയിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു.

## 3-12 പട്ടികജാതി ഭവന നിർമ്മാണപദ്ധതി പൂർത്തീകരിച്ചിട്ടില്ല

പ്രൊജക്റ്റ് നം. 75/16

അടങ്കൽ-1000000/- (എസ്.സി.പി)

ചെലവ്-640000 രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. സെക്രട്ടറി

ഭവന നിർമ്മാണ പദ്ധതി പ്രകാരം 5 ഗുണഭോക്താക്കൾക്ക് 200000/- രൂപ വീതം ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകുന്നതിനായി ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതി പ്രകാരം നാല് ഗുണഭോക്താക്കൾ നാളിതുവരെ വീടുപണി പൂർത്തീകരിച്ചിട്ടില്ലെന്ന് പരിശോധനയിൽ കണ്ടെത്തി. തുക കൈപറ്റിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പേര്/വാർഡ് | കൈപ്പറ്റിയ തുക | കൈപ്പറ്റുവാൻ ബാക്കിയുള്ള തുക |
|---|---|---|---|
| 1 | പാർവ്വതി<br>വാർഡ്-9 | 80000 | 120000 |
| 2 | ശാന്തകുമാരി<br>വാർഡ്-6 | 80000 | 120000 |
| 3 | കലാമണി<br>വാർഡ്-13 | 140000 | 60000 |
| 4 | ജാനകി<br>വാർഡ്-15 | 140000 | 60000 |
| ആകെ | | 440000 | 360000 |

പൂർത്തീകരിക്കുവാൻ ബാക്കിയുള്ളവരുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രോജക്റ്റുകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ

1. സ്കോളർഷിപ്പിന് ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമാക്കിയിട്ടില്ല

പ്രൊ.നം. 151/16

അടങ്കൽ - 65000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് - 65000

ബിൽ നം. 3/26-3-2016

നിർവ്വഹണ ഉദ്യോഗസ്ഥൻ - എച്ച്.എം

12-ാം പദ്ധതി മാർഗ്ഗരേഖ ജി.ഒ.(എം.എസ്)362/13/ത.സ്വ.ഭ.വ/16.11.13 അനുസരിച്ച് ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് നല്കുന്നതിന് നിശ്ചിത നിരക്ക് സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. വൈകല്യത്തിന്റെ അടിസ്ഥാനത്തിലോ, വിദ്യാർത്ഥി പഠിക്കുന്ന ക്ലാസിന്റെ അടിസ്ഥാനത്തിലോ അല്ല മേൽ പ്രൊജക്റ്റ് പ്രകാരം ധനസഹായം നൽകിയിരിക്കുന്നത് എന്ന് രേഖകളുടെ പരിശോധനയിൽ ബോധ്യപ്പെട്ടു.

ത്രിതല പഞ്ചായത്തുകളുടെ കാര്യത്തിൽ ഇതിന് ആവശ്യമായ തുക ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ യഥാക്രമം 50:25:25 അനുപാതത്തിൽ വകയിരുത്തുകയും, വിദ്യാർത്ഥി ഏത് ഗ്രാമപഞ്ചായത്തിലെ സ്ഥിര താമസക്കാരനാണോ ആ ഗ്രാമപഞ്ചായത്ത് മുഖേന അവർക്ക് ധനസഹായം നൽകേണ്ടതാണ്. എന്നാൽ 2015-16വർഷത്തിൽ തയ്യാറാക്കിയ പദ്ധതിയിൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ വകയിരുത്താതെയാണ് നടപ്പിലാക്കിയിരിക്കുന്നത്.

5000 രൂപ വീതം 13 വിദ്യാർത്ഥികൾക്കാണ് ഗ്രാമപഞ്ചായത്ത് സ്കോളർഷിപ്പ് നൽകിയിട്ടുള്ളത്. മേൽ ഉത്തരവു പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ഒരു വർഷത്തിൽ പഠിക്കുന്ന ക്ലാസിന്റെ അടിസ്ഥാനത്തിൽ 4500 മുതൽ 11500 രൂപ വരെയും, മാനസിക വെല്ലുവിളികൾ നേരിടുന്ന വിത്യാർത്ഥികൾക്ക് 14200 രൂപ വരെയും അനുവദിക്കാവുന്നതാണ്. ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ വകയിരുത്താതെ പദ്ധതി നടപ്പിലാക്കിയതിനാൽ മാർഗരേഖ പ്രകാരം ഗുണഭോക്താക്കൾക്ക് അർഹമായ സ്കോളർഷിപ്പ് ആനുകൂല്യം ലഭ്യമാക്കാൻ സാധിച്ചിട്ടില്ല. പ്രതിമാസം 500 രൂപ വീതം 10 മാസത്തേക്കാണ് സ്കോളർഷിപ്പ് നൽകിയിട്ടുള്ളത്. 12 മാസവും തുക അനുവദിക്കാവുന്നതാണ്. ന്യൂനത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അർഹമായ സ്കോളർഷിപ്പ് ആനുകൂല്യം അനുവദിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

*2. എസ്.എസ്.എ ഫണ്ട് വിനിയോഗത്തിൽ മാർഗ്ഗരേഖ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം*

2015-16 വർഷത്തെ എസ്.എസ്.എ പ്രൊജക്ടിനുള്ള പഞ്ചായത്ത് വിഹിതമായ 975724 രൂപ എസ്.എസ്.എ, പാലക്കാട് ജില്ലാ പ്രൊജക്റ്റ് ഓഫീസർക്ക് നിർവ്വഹണോദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ വഴി താഴെ പറയും പ്രകാരം നൽകിയിട്ടുണ്ട്.

| പ്രൊജക്ട് | ചെലവ് | ബിൽ നം. |
|---|---|---|

| | | |
|---|---|---|
| 26/16-എസ്.എസ്.എ വിഹിതം | 867462 | 1/17-2-2016 |
| | 108262 | 2/17-2-2016 |

തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ജി. ഒ (എം.എസ്) നം. 362/13 തിയതി 16-11-2013 പ്രകാരം എസ്.എസ്.എയും തദ്ദേശ സ്വയംഭരണ സ്ഥാപനവും ചേർന്നാണ് അതാത് സ്ഥാപനത്തിന്റെ എസ്.എസ്.എ പ്രൊജക്ട് തയ്യാറാക്കേണ്ടത് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് പഞ്ചായത്ത് അധികാരികളും, പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തകരും, എസ്.എസ്.എ യും കൂടി ചർച്ച ചെയ്ത് ആവശ്യകത വിലയിരുത്തി പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. അത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തിയതായി രേഖകൾ പരിശോധിച്ചതിൽ ബോധ്യപ്പെട്ടിട്ടില്ല. വരും വർഷങ്ങളിൽ പ്രൊജക്ടുകൾ ആവിഷ്കരിക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-14 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ ആകെ 28 അങ്കണവാടികളാണ് പ്രവർത്തിക്കുന്നത്. ഇതിൽ 3എണ്ണം വാടക കെട്ടിടത്തിലാണ് നിലവിൽ പ്രവർത്തിക്കുന്നത്. ഇനിയും 19 അങ്കണവാടികൾ വൈദ്യുതീകരിച്ചിട്ടില്ല. 7അങ്കണവാടികളിൽ വയറിംഗ് നടത്തിയിട്ടുണ്ടെങ്കിലും കണക്ഷൻ ലഭിച്ചിട്ടില്ല. 10 അങ്കണവാടികളിൽ മാത്രമാണ് ചുറ്റുമതിൽ ഉള്ളത്. കുടിവെള്ള സൗകര്യം 6 അങ്കണവാടികളിൽ മാത്രമാണ് ഉള്ളത്. അങ്കണവാടികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുവാൻ പദ്ധതികൾ ആവിഷ്ക്കരിക്കുകയും മുൻഗണന നൽകി അവ പ്രാവർത്തികമാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-15 മരാമത്ത് പ്രവൃത്തികളുടെ എഗ്രിമെന്റ് വെക്കുന്നതിൽ കാലതാമസം വരുത്തിയവരിൽ നിന്നും പിഴ ഈടാക്കിയില്ല

ജി.ഒ (പി) നം. 13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകണം. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമക്കുവാൻ നോട്ടീസിൽ വ്യക്തമാക്കണം. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ

കരാർ തുകയുടെ 1% പിഴ ഈടാക്കണം. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കാവുന്നതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അസി. എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികളുടെ കാര്യത്തിൽ മാന്വലിലെ നിബന്ധനകൾ പാലിക്കാതെയാണ് കരാറുകാരുമായി എഗ്രിമെന്റ് ഒപ്പുവെച്ചിട്ടുള്ളത്.

| പ്രവൃത്തിയുടെ വിവരം | ടെണ്ടർ അംഗീകരിച്ച തിയതി | എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി, നം. | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|
| 131/16-കെ.കെ.പതി സ്കൂളിൽ കഞ്ഞിപുര നിർമ്മാണം.<br>കരാറുകാരൻ – ശ്രീ. ആർ.അഭിലാഷ്<br>പി.എ.സി - 505120<br>ചെലവ് - 505120<br>ബിൽ നം. 70/22-3-2016<br>അളവു പുസ്തകം നം. 67/15-16 | 29-9-2015 | 20-10-2015 | 7-12-2015 നം. 64. | 5051 |
| 127/16-കൊഴിഞ്ഞാമ്പാറ കള്ളരായൻപാളയം റോഡ് റീടാറിംഗ്<br>കരാറുകാരൻ - ശ്രീ. സജിത്.എസ്<br>പി.എ.സി - 734995<br>ചെലവ് - 734995<br>ബിൽ നം. 68/23-3-2016<br>അളവു പുസ്തകം നം. 61/15-16 | 29-9-2015 | 20-10-2015 | 9-12-2015 നം. 66 | 7350 |
| 201/16-കല്യക്കപ്പാറ ജെ.ആർ.വൈ റോഡ് മെറ്റലിംഗ് & ടാറിംഗ് | 29-9-2015 | 20-10-2015 | 30-12-2015 നം. 67 | 5096 |

| | | | | |
|---|---|---|---|---|
| കരാറുകാരൻ - ശ്രീ. കെ.മണി<br>പി.എ.സി - 509600<br>ചെലവ് - 509600<br>ബിൽ നം. 67/11-3-2016<br>അളവു പുസ്തകം നം. 63/15-16 | | | | |
| 201/16-വട്ടുകൻ കുളമ്പ് ചെറിയനട്ടുക്കളം റോഡ് മെറ്റലീംഗ് & ടാറിംഗ്<br>കരാറുകാരൻ - ശ്രീ. കെ.മണി<br>പി.എ.സി - 423302<br>ചെലവ് - 423302<br>ബിൽ നം. 60/27-2-2016<br>അളവു പുസ്തകം നം. 52/15-16 | 29-9-2015 | 20-10-2015 | 30-12-2015<br>നം. 68 | 4233 |
| ആകെ | | | | 21730 |

മേൽ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം.2/23-11-2016 ന് അസി. എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് തെരഞ്ഞെടുപ്പിന്റെ പെരുമാറ്റ ചട്ടം നിലവിൽ വന്നതിനാലാണ് എഗ്രിമെന്റ് വെക്കുവാൻ വൈകിയതെന്ന് ബോധിപ്പിച്ചിട്ടുണ്ട്. ആയത് പരിഗണിച്ച് പെരുമാറ്റചട്ടം കഴിഞ്ഞതിനു ശേഷവും നിശ്ചിത കാലാവധിക്കകം എഗ്രിമെന്റ് വെക്കുവാൻ വൈകിയ പ്രവൃത്തികളാണ് മേൽ പട്ടികയിൽ ഉൾപ്പെട്ടുത്തിയിട്ടുള്ളത്. ഈ പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ഈടാക്കുവാൻ വിട്ടുപോയ പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ കർശനമായും പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-16 സിംഗിൾ ടെണ്ടറുകറുകൾ അംഗീകരിച്ചതിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനം

പഞ്ചായത്ത് കെട്ടിടത്തിലെ വിവിധ പ്രവൃത്തികൾക്കായി ലോക ബാങ്ക് സഹായം വകയിരുത്തി ആവിഷ്കരിച്ച രണ്ട് മരാമത്ത് പ്രവൃത്തകൾക്കായി ഇ-ടെണ്ടർ വിളിച്ചപ്പോൾ സിംഗിൾ ടെണ്ടറുകളാണ് ലഭ്യമായത്. ഏക ടെണ്ടറുകളുടെ കാര്യത്തിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ പാലിക്കാതെയാണ് ടെണ്ടർ തുറക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുള്ളതെന്ന് പരിശോധനയിൽ കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനിയർ

| 1. 141/16-പഞ്ചായത്ത് ഓഫീസ് കെട്ടിടം രണ്ടാംനില നിർമ്മാണം | 2. 152/16-പഞ്ചായത്ത് ഓഫീസ് ക്ലാഡിംഗ് |
|---|---|
| അടങ്കൽ - 1490163 (കെ.എൽ.ജി.എസ്.ഡി.പി)<br><br>കരാറുകാരൻ – ശ്രീ. മുഹമ്മദ് നാസർ.എച്ച്<br><br>ടെണ്ടർ തിയതി - 28-9-2015<br><br>ടെണ്ടർ നിരക്ക് - എസ്റ്റിമേറ്റ് നിരക്ക്<br><br>ടെണ്ടർ ഭരണസമിതി അംഗീകരിച്ച തിയതി - 29-9-2015 (തീരുമാനം നം. 1(1))<br><br>എഗ്രമെന്റ് നം. -62/ 25-11-2015<br><br>അളവു പുസ്തകം നം. 73/15-16<br><br>ചെലവ് - 1490163<br><br>ബിൽ നം. 86/26-3-2016 | അടങ്കൽ - 1459180 (കെ.എൽ.ജി.എസ്.ഡി.പി)<br><br>കരാറുകാരൻ - ശ്രീ. മുഹമ്മദ് നാസർ.എച്ച്<br><br>ടെണ്ടർ തിയതി - 28-9-2015<br><br>ടെണ്ടർ നിരക്ക് - എസ്റ്റിമേറ്റ് നിരക്ക്<br><br>ടെണ്ടർ ഭരണസമിതി അംഗീകരിച്ച തിയതി - 29-9-2015 (തീരുമാനം നം. 1(1))<br><br>എഗ്രമെന്റ് നം. -63/ 25-11-2015<br><br>അളവു പുസ്തകം നം. 72/15-16<br><br>ചെലവ് - 1459180<br><br>ബിൽ നം. 87/26-3-2016 |

ഏക ടെണ്ടർ മാത്രം ലഭിച്ചതിനാൽ റീടെണ്ടർ ചെയ്യേണ്ടതാണെന്ന് അസി. എഞ്ചിനിയർ 28-9-2015 ലെ AE/LSGD/KPA/E-TEN/1/15-16 നം. കത്ത് പ്രകാരം ഗ്രാമപഞ്ചായത്തിനെ അറിയിച്ചിരുന്നുവെങ്കിലും 29-9-2015 ലെ തീരുമാനം 1(1) പ്രകാരം പുനർ ടെണ്ടറിന് സമയമില്ലാത്തതിനാലും എത്രയും വേഗം പ്രവൃത്തി പൂർത്തിയാക്കണമെന്നതിനാലും ഇ-ടെണ്ടർ ചെയ്ത സിംഗിൾ ടെണ്ടറുകൾ അംഗീകരിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്. പത്രപരസ്യം നൽകി ഇ-ടെണ്ടർ ക്ഷണിച്ച ബാക്കി പ്രവൃത്തികൾക്ക് രണ്ടിൽ കൂടുതൽ ടെണ്ടറുകൾ ലഭിച്ചിട്ടുണ്ടെന്നും റീടെണ്ടർ ചെയ്താലും ഇതിലും കുറവ് നിരക്ക് ലഭിക്കില്ല എന്ന് കമ്മിറ്റിക്ക് ബോധ്യപ്പെട്ടതിനാൽ പുനർ ടെണ്ടർ ചെയ്യാൻ സമയമില്ലാത്തതിനാലും സിംഗിൾ ടെണ്ടറുകൾ അംഗീകരിക്കുവാൻ ഐകകണ്ഠേന തീരുമാനിച്ചതായി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിൽ സിംഗിൾ ടെണ്ടർ ലഭ്യമായാൽ ടെണ്ടർ സ്വീകരിക്കുന്നതിനുള്ള കാലാവധി പരമാവധി 15 ദിവസത്തേക്ക് ദീർഘിപ്പിച്ചു നൽകേണ്ടതാണെന്നും ദീർഘിപ്പിച്ചു നൽകിയ കാലയളവിനുള്ളിൽ കൂടുതൽ ടെണ്ടറുകൾ

ലഭ്യമായില്ലെങ്കിൽ റീ ടെണ്ടർ നടത്തേണ്ടതാണെന്ന് സ.ഉ(പി)നം. 324/15/ഫിൻ തിയതി 30-7-2015 ൽ നിഷ്കർഷിച്ചിട്ടുണ്ട്. ആദ്യം ലഭ്യമായ സിംഗിൾ ടെണ്ടർ തുറക്കുവാൻ പാടില്ലെന്നും നിബന്ധനയുണ്ട്. എസ്റ്റിമേറ്റിലും കുറഞ്ഞ നിരക്കാണെങ്കിലും പരിഗണിക്കേണ്ടതില്ലെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനിയറുടെ ഡി.ബി.3/753/12/സി.ഇ/ത.സ്വ.ഭ.വ തിയതി 28-7-2015 ൽ തെരഞ്ഞെടുപ്പ് ആസന്നമായതിനാൽ റീടെണ്ടർ നടപടികളിലേക്ക് പോകാതെ സിംഗിൾ ടെണ്ടർ അംഗീകരിക്കാവുന്നതാണെന്ന നിർദ്ദേശം ഉണ്ടായിരുന്നതായി ഓഡിറ്റ് അന്വേഷണം നം. 3/23-11-2016 നുള്ള മറുപടിയിൽ അസി.എഞ്ചിനിയർ വ്യക്തമാക്കിയിട്ടുണ്ട്. 30-7-2015 ലെ സർക്കാർ ഉത്തരവ് നിലനിൽക്കെ തന്നെയാണ് സിംഗിൾ ടെണ്ടർ തുറക്കുന്നതിൽ തെറ്റില്ല എന്ന ധാരണ മൂലം ടെണ്ടർ തുറന്നതെന്നും റീടെണ്ടർ ചെയ്യുവാൻ സമിതിക്ക് ശുപാർശ ചെയ്തിരുന്നുവെങ്കിലും ഭരണസമിതിയുടെ തീരുമാനപ്രകാരമാണ് തുടർനടപടികൾ സ്വീകരിച്ചതെന്നും അസി.എഞ്ചിനിയർ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും എസ്റ്റിമേറ്റ് നിരക്കിലുള്ള സിംഗിൾ ടെണ്ടറുകൾ ലഭിച്ചാൽ റീടെണ്ടർ ചെയ്യണം എന്ന നിബന്ധന പാലിച്ചിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

മരാമത്ത് പ്രവൃത്തികളുടെ നടപടിക്രമങ്ങളിൽ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലേയും 2012 ലെ കേരള പൊതുമരാമത്ത് മാന്വലിലെയും വ്യവസ്ഥകൾ കർശനമായും പാലിക്കേണ്ടതാണ്. ഇക്കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനും തീരുമാനങ്ങൾ എടുക്കുന്ന ഭരണസമിതിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. തീരുമാനങ്ങൾ കൈക്കൊള്ളുമ്പോൾ സുതാര്യത ഉറപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-17 മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പിൽ കൃത്യത പാലിക്കേണ്ടതാണ്

എ. എഗ്രിമെന്റ് വ്യവസ്ഥകൾ 2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ മാനദണ്ഡങ്ങൾ കൂടി കണക്കിലെടുത്ത് പുതുക്കണം

സ.ഉ (പി) 13/2012/PWD തിയതി 1-2-2012 പ്രകാരം കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ പുതുക്കിയിട്ടുണ്ട്. എന്നാൽ 2015-16 വർഷത്തിൽ ടെണ്ടർ ലഭിച്ച കരാറുകാരുമായി ഏർപ്പെട്ട എഗ്രിമെന്റ് വ്യവസ്ഥകൾ മാന്വലിലെ നിബന്ധനകൾക്കനുസരിച്ച് പരിഷ്കരിച്ചിട്ടില്ല. കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി എഗ്രിമെന്റ് വ്യവസ്ഥകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>ബി. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കണം</u>

1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 7 അനുസരിച്ച് എസ്റ്റിമേറ്റ് പ്രകാരമുള്ള സാധന സാമഗ്രികളുടെ അളവ്, ഗുണനിലവാരം, വില, കണക്കാക്കപ്പെട്ട തൊഴിൽ ദിനങ്ങൾ, കൂലി, മതിപ്പ ചെലവ് എന്നിവ മലയാളത്തിൽ തയ്യാറാക്കിവെക്കണം എന്ന നിബന്ധന പാലിക്കുന്നില്ല. ചട്ടം 17 അനുസരിച്ച് മരാമത്ത് പണി സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുകയും അടുത്ത ഗ്രാമസഭയിൽ വെക്കുകയും വേണം. സംക്ഷിപ്ത വിവരം പണി നടക്കുന്ന സ്ഥലത്ത് പ്രദർശിപ്പിക്കണം. ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>സി. ടെണ്ടർ ഫോം സ്റ്റോക്ക് രജിസ്റ്ററിന്റെ സൂക്ഷിപ്പ്</u>

ഗ്രാമപഞ്ചായത്തിൽ പൊതുമരാമത്ത് പ്രവർത്തികളുടെ ടെണ്ടറിന് ഇഷ്യൂ ചെയ്യുന്ന ടെണ്ടർ ഫോറങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. ടെണ്ടർ ചെയ്യപ്പെടുന്ന പ്രവൃത്തിയുടെ അടങ്കലിനനുസരിച്ച് ഒരു ടെണ്ടർ ഫോറത്തിന് 300 മുതൽ 15000 രൂപവരെ മൂല്യമുണ്ടെന്നിരിക്കെ ഇവയുടെ സ്റ്റോക്ക് കൃത്യമാക്കിവെക്കാത്തത് സാമ്പത്തിക നഷ്ടത്തിന് ഇടവരുത്തുന്നതാണ്. ടെണ്ടർ ഫോറം അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകുന്ന സെക്രട്ടറിയും ടെണ്ടർ ഫോറം തയ്യാറാക്കി കരാറുകാർക്ക് വിതരണം ചെയ്യുന്ന അസിസ്റ്റന്റ് എഞ്ചിനീയറും ടെണ്ടർ ഫോറങ്ങളുടെ റസീപ്റ്റ്, ഇഷ്യൂ, ബാലൻസ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. അനധികൃതമായി ടെണ്ടർ ഫോറങ്ങൾ വില്പന നടത്തിയിട്ടുണ്ടോ എന്നും ടെണ്ടർ ഫോമുകളുടെ വില പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചിട്ടുണ്ടോ എന്നും പരിശോധിക്കാൻ കഴിയുന്നതരത്തിൽ രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്. ടെണ്ടർ ഫോറങ്ങളുടെ സ്റ്റോക്ക് കൃത്യമാക്കി വെക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

അപാകതകൾ പരിഹരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് അസി. എഞ്ചിനിയർ മറുപടി നൽകിയിട്ടുണ്ട്.

# 3-18 <u>ആശ്രയ പദ്ധതി - അവലോകനം</u>

സമൂഹത്തിലെ നിരാലംബരും നിരാശ്രയരുമായ കുടുംബങ്ങളെ സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിന്ന് കരകയറ്റുന്നതിനായിട്ടുള്ള കേരള സർക്കാരിന്റെ പദ്ധതിയാണ് ആശ്രയ. ജി.ഒ.(എം.എസ്) നം.71/2003/പ്ലാനിംഗ്/12.11.2003 അനുസരിച്ചാണ് ആശ്രയ പദ്ധതി ആദ്യമായി ആരംഭിച്ചത്. തുടർന്ന് വിവിധ ഉത്തരവുകളിൽ ഈ പദ്ധതിയ്ക്ക് സമൂലമായ മാറ്റങ്ങൾ വരുത്തുകയുണ്ടായി. സ.ഉ(എം.എസ്)നം.362/2013/ത.സ്വ.ഭ.വ തിയതി 16.11.2013 പ്രകാരം അയൽക്കൂട്ടങ്ങൾ

അഗതി കുടുംബങ്ങളെ കണ്ടെത്തുകയും, അപ്രകാരം കണ്ടെത്തുന്ന അഗതി കുടുംബങ്ങളുടെ നിലനിൽപ്പിനും, സാമൂഹ്യമായ മുന്നേറ്റങ്ങൾക്കും വേണ്ടി ആശ്രയ എന്ന പ്രൊജക്ട് തയ്യാറാക്കിയിരിക്കണം.

കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിൽ സർവ്വേയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ അനുസരിച്ച് അഗതി കുടുംബങ്ങളുടെ ആവശ്യകതകൾ കണക്കിലെടുത്ത് ആശ്രയ പ്രൊജക്ട് തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ സംക്ഷിപ്തവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | ഒന്നാം ഘട്ടം 2004-09 | | രണ്ടാം ഘട്ടം 2014-17 | |
|---|---|---|---|---|---|
| | | ആവശ്യമുള്ളത് | ലഭ്യമാക്കിയത് | ആവശ്യമുള്ളത് | ലഭ്യമാക്കിയത് |
| 1 | വീട് ആവശ്യമുള്ളവർ | 52 | 8 | 5 | 0 |
| 2 | വീട് വെക്കുവാൻ സ്ഥലം ആവശ്യമുള്ളവർ | 25 | 0 | 1 | 0 |
| 3 | വീട് റിപ്പയർ ആവശ്യമുള്ളവർ | 26 | 1 | 6 | 0 |
| 4 | കുടിവെള്ള സൗകര്യം ആവശ്യമുള്ളവർ | 1 | 0 | - | - |
| 5 | കക്കൂസ് ആവശ്യമുള്ളവർ | 90 | 1 | 3 | 0 |
| 8 | കറണ്ട് കണക്ഷൻ ആവശ്യമുള്ളവർ | - | - | - | - |

സ.ഉ(എം എസ്) 362/2013 തസ്വഭവ തി. 16.11.2013 അനുബന്ധം 14 ഖ. 6.7 (i) അനുസരിച്ച് ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെക്കുന്നതിന് ഭൂമി വാങ്ങി നൽകിയതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ഭൂമി നൽകാൻ പാടുള്ളൂ. ഇതേ ഉത്തരവിലെ അനുബന്ധം 14 ഖ. 6.8 (i) അനുസരിച്ച് ഭവന രഹിതരും, ആവശ്യത്തിന് ഭൂമി ഉള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന നിർമ്മാണ ധനസഹായം മുൻഗണനയുടെ അടിസ്ഥാനത്തിൽ നൽകണം. അതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് വീട് നൽകാൻ പാടുള്ളൂ. അനുബന്ധം 14 ഖ. 6.8(ii) അനുസരിച്ച് അഗതി കുടുംബങ്ങളുടെ ഭവന നിർമ്മാണം അയൽക്കൂട്ടങ്ങളെ ഏൽപ്പിക്കണം.

ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ട ലിസ്റ്റിൽ 225 ഉം രണ്ടാം ഘട്ട ലിസ്റ്റിൽ 185 ഉം അഗതികളുമാണ് ഉൾപ്പെട്ടിരുന്നത്. ആശ്രയ പദ്ധതി തുടങ്ങി ഇതുവരെയായി മേൽ പട്ടികയിൽ സൂചിപ്പിച്ച ആനുകൂല്യങ്ങൾ മാത്രമാണ് ആണ് നൽകിയിട്ടുള്ളത്. ചാലഞ്ച് ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതി നടത്തിപ്പ് തുടർന്നു വരുന്നുണ്ട്. ആശ്രയ രണ്ടാം ഘട്ടം

അവസാനിക്കാനിരിക്കെ പരിമിതമായ ആനുകൂല്യങ്ങൾ മാത്രമാണ് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുള്ളത്. അഗതികളുടെ ആവശ്യകതക്കനുസരിച്ചുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനായി ഗ്രാമപഞ്ചായത്ത് പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. ആശ്രയ ഗുണഭോക്താക്കളുടെ സമഗ്ര ഉന്നമനത്തിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് പദ്ധതിനടത്തിപ്പ് കാര്യക്ഷമമാക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2015-16 | 374558 | ഉഴവുകൂലി | 374558 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 249705 | ഉഴവുകൂലി | 249705 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി തുകയൊന്നും കൈമാറിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1000 |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 1000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1000 |

2015-16 വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം, |
|---|---|---|
| കൊഴിഞ്ഞാമ്പാറ സർവ്വീസ് സഹകരണ ബാങ്ക് | 1000 | എഫ്.ഡി സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമായില്ല |

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 17207 രൂപ ഈടാക്കിയിട്ടുണ്ട്

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | രസീതി നം. /തിയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും |
|---|---|---|---|---|
| 2012-13 | 3-2(1) | 1076 | 11503109930/ 8-1-2016 | ശ്രീമതി.കെ.സ്മിത അസി. എഞ്ചിനിയർ |
| | 3-2(2) | 4946 | 11503109931/ 8-1-2016 | |
| | 3-2(3) | 6644 | 11503109934/ 8-1-2016 | |
| | 3-2(4) | 4541 | 11503109933/ 8-1-2016 | |
| ആകെ | | 17207 | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | വർഷം | | | |
| 2011-12 | 3-11(1),(2) ലഘു അവലോകനം | 2014-15 | 4.1.5 | നിഷ്ക്രിയാസ്തി-വനിതാ തൊഴിൽ പരിശീലന കേന്ദ്രം | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഷയം പരിഗണിച്ചിട്ടില്ല. |
| | | | 4.1.9 | നിഷ്ക്രിയാസ്തി-ഉഴവർചന്ത | |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 56824225 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 69139822 |
| വരവിനങ്ങളിലുള്ള നഷ്ടം | 59700 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 33675 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 212000 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-9 | 59700 | - | ശ്രീ.എ.മോഹനൻ, സെക്രട്ടറി |
| 3-5 | - | 11945 | ശ്രീ.എ.മോഹനൻ, സെക്രട്ടറി |
| 3-15 | - | 21730 | ശ്രീ.സേതു, അസി.എഞ്ചിനിയർ |
| ആകെ | 59700 | 33675 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 147000 | ശ്രീ.എ.മോഹനൻ, സെക്രട്ടറി |
| 3-7 | 65000 | ശ്രീ.എ.മോഹനൻ, സെക്രട്ടറി |
| ആകെ | 212000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 2-1

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എ.മോഹനൻ, സെക്രട്ടറി | വിരമിച്ചു | അച്യുതം, വെളിയമ്പള്ളം, നല്ലേപ്പിള്ളി (പി.ഒ), പാലക്കാട്-678553 |
| ശ്രീ.സേതു.എസ്, അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത് | മാമ്പുള്ളി ഹൗസ്, ചുള്ളിമട, കഞ്ചിക്കോട്(പി.ഒ), പാലക്കാട്-678621 |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.പി.8-706/1999/18-10-1999 | 23 | |
| 1997-98 | എൽ.എഫ്.പി.12-298/2001/7-1-2002 | 5 | |
| 1998-99 | എൽ.എഫ്.പി.12-77/2002/31-3-2002 | 5 | |
| 1999-2000 | എൽ.എഫ്.പി.11-2023(1)/2011/7-12-2011 | 16 | |
| 2000-01 | എൽ.എഫ്.പി.11-1980/2011/16-3-2012 | 18 | |
| 2001-02 | എൽ.എഫ്.പി.11-2023(3)/2011/7-12-2011 | 9 | |
| 2002-03 | എൽ.എഫ്.പി.11-2023(4)/2011/7-12-2011 | 7 | |
| 2003-04 | എൽ.എഫ്.പി.11-2023(5)/2011/7-12-2011 | 22 | |

| | | | |
|---|---|---|---|
| 2004-05 | എൽ.എഫ്.പി.11-448/2007/23-4-2007 | 9 | |
| 2005-06 | എൽ.എഫ്.പി.11-1551/2010/6-12-2010 | 24 | |
| 2006-07 | എൽ.എഫ്.പി.11-483/12(1)/4-12-2012 | 4 | |
| 2007-08 | എൽ.എഫ്.പി.11-12/14/7-1-2014 | 3 | |
| 2008-09 | എൽ.എഫ്.പി.11-2002/12/7-10-2013 | 1 | |
| 2009-10 2010-11 | കെ.എസ്.എ-പികെഡി-11/981/2015/ 9-11-2015 | 5 | |
| 2011-12 | കെ.എസ്.എ-പികെഡി-11/1713/2015 / 9-10-2015 | 8 | |
| 2012-13 | കെ.എസ്.എ-പികെഡി-11/167/ 16 / 14-7-2016 | 5 | |
| 2013-14& 2014-15 | കെ.എസ്.എ-പികെഡി-11/736/16 / 11-7-2016 | 11 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

# 1

# അനുബന്ധം-1

നം. കെ.എസ്.എ-പികെഡി11/18/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

ഫോൺ - 04912420145

e-mail – dopkd.ksad@kerala.gov.in

തിയതി -03-01-2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## അപാകതകളുടെ സംക്ഷിപ്തം

1. ആസ്തിമൂല്യം തിട്ടപ്പെടുത്തി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD11/18/2017

Kerala State Audit Department

District Audit Office

Palakkad

Date – 03-01-2017

## Audit Certificate

Certified that I have audited the Annual Financial Statement of Kozhinjampara Gramapanchayat in Palakkad District for the year ended on 31-3-2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kozhinjampara Gramapanchayat for the year 2015-16 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

## Abstract of Defects

1. Asset values not ascertained and linked with Sankhya.

Deputy Director